
# പ്രതീക്ഷയുടെ പൂമൊട്ടുകൾ

ശ്ലീഹാ ലക്കം 2014



ജന്മശതാബ്ദി വിശേഷാൽ പതിപ്പ്




# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 32 ശ്ലീഹാ ലക്കം 2014

"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)

രക്ഷാധികാരി:
ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
റവ. ഡോ. മാത്യു വെള്ളാനിക്കൽ

മാനേജിംഗ് എഡിറ്റർ:
അന്നമ്മ കുളത്തൂപുരയിടം എ.ഒ.

എക്സിക്യൂട്ടീവ് എഡിറ്റർ:
ഷിനി തെരേസ് എ.ഒ.

പത്രാധിപസമിതി:
റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ
സുജ ചോതിരക്കുന്നേൽ എ.ഒ.
ജിസ കൂട്ടിയാനിക്കൽ എ.ഒ.

അഡൈ്വസറി ബോർഡ്:
റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ
റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ
വിൽസൺ ജോർജ് അറയ്ക്കൽ M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
ഫിലോ കുറ്റിയാത്ത് എ.ഒ.
മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ
മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ

ഫിനാൻസ് മാനേജർ:
ഷീലമ്മ പൂതക്കുഴി എ.ഒ.

കവർ ഡിസൈനിംഗ് & ലേഔട്ട്
ഡോളി കണ്ടച്ചാലിൽ എ.ഒ.

വാർഷിക വരിസംഖ്യ -100/-

പ്രിന്റിംഗ്:
വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം. **Tel: 2570862**
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ.**
**കോട്ടയം 686 018**
**ഫോൺ: 0481-2578192,2309774**
**Email: psmktm@gmail.com**

## ഉള്ളടക്കം

- *Message:* Loredana Reitano 03
- *Message:* Franca Salvo 04
- ദൈവദാസൻ ജക്വീന്താ എന്റെ ഓർമ്മയിൽ 05
- സഭാസ്നേഹിയായ ബിഷപ് വില്യം ജക്വീന്താ 07
- വിശുദ്ധിയുടെ സൂര്യതേജസ്സ് 10
- വിശുദ്ധിയുടെ പ്രവാചകൻ 12
- *കവിത:* തുഷാരഹാരം 15
- ജന്മശതാബ്ദി ആഘോഷങ്ങളുടെ നിറക്കൂട്ടുകൾ 16-17
- ജീവിതവഴികളിലൂടെ 18
- സെനക്കിൾ ആദ്ധ്യാത്മികത 21
- പുണ്യങ്ങളുടെ വിളനിലമായ ജക്വീന്താ പിതാവ് 24
- വിശുദ്ധിയുടെ വിഹായസ്സിൽ വിളങ്ങുന്ന വെള്ളിനക്ഷത്രം 27
- പ്രോസാങ്ടിറ്റി മൂവ്മെന്റ് 29
- *കവിത:* വിശുദ്ധിയിലേക്ക് 31
- ജന്മശതാബ്ദി ആഘോഷങ്ങളിലൂടെ 32

# ഓർമ്മയുടെ നിറവിൽ

ആരാധനാവത്സരത്തിലെ ഈ ശ്ലീഹാക്കാലത്തിൽ ഈശോയുടെ വാഗ്ദാനമായ പരിശുദ്ധാരൂപിയുടെ ആഗമനവും പ്രവർത്തനങ്ങളും നാം ധ്യാനവിഷയമാക്കുകയാണല്ലോ."നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോ 16,15) എന്ന ഉത്ഥിതന്റെ വചനം ശ്ലീഹന്മാർ പ്രാവർത്തികമാക്കിയത് പരിശുദ്ധാത്മശക്തിയാലാണ്.

പരിശുദ്ധാത്മാവ് വിശുദ്ധിയുടെ ആത്മാവാണ് (റോമാ 1,4). "നിങ്ങളുടെ സ്വർഗസ്ഥനായ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ" (മത്താ 5,48) എന്ന ഈശോയുടെ ആഹ്വാനം ശ്രവിച്ച്, വിശുദ്ധിയുടെ ആത്മാവിന്റെ പ്രവർത്തനങ്ങൾക്കു പൂർണ്ണമായും വിധേയപ്പെട്ട്, മനുഷ്യമനസ്സുകളിൽ വിശുദ്ധിയുടെ വിൺമഴയായി പെയ്തിറങ്ങിയ പുണ്യാത്മാവാണ് ദൈവദാസൻ ബിഷപ് വില്യം ജകീൻതാ. "എല്ലാവരും വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു" (LG അദ്ധ്യായം 5) എന്ന തിരുസ്സഭാപ്രബോധനത്തിന്റെ പ്രചോദക-പ്രവാചകശബ്ദമായിമാറിയ ജകീൻതാപിതാവ് അതിനു പ്രചാരംനല്കാൻ ജീവിതം ഉഴിഞ്ഞുവച്ചു. "സ്നേഹത്തിന്റെ പൂർണ്ണതയാണ് വിശുദ്ധി" എന്ന ആപ്തവാക്യം അദ്ദേഹത്തിന്റെ ജീവിതത്തിൽ വരച്ചുചേർത്തത് വിശുദ്ധിയുടെ നേർരേഖയായിരുന്നു.

നല്ല ദൈവം വിതച്ച വിശുദ്ധിയുടെ വിത്ത് മുളച്ചുപൊങ്ങി വളർച്ചപ്രാപിച്ച് ഫലംകൊയ്തെടുക്കുവാൻ തക്കവണ്ണം മനുഷ്യഹൃദയങ്ങളെ സ്നേഹത്തിന്റെ വളക്കൂറുള്ള മണ്ണാക്കിമാറ്റാൻ ജകീൻതാപിതാവ് ഏറെ പരിശ്രമിച്ചു. തന്റെയീ പരിശ്രമങ്ങൾക്ക് ഉത്തേജനവും പ്രചാരവുമേകാൻ 'പരമാവധിസ്നേഹത്തിന്റെ പ്രേഷിതകുടുംബ'ത്തിന് അദ്ദേഹം ജന്മംനല്കി. സ്ത്രീകളുടെ സമർപ്പിതസമൂഹമായ 'അപ്പസ്തോലിക് ഒബ്ലേറ്റ്സ്', ഇടവകവൈദികരുടെ സമർപ്പിതസമൂഹമായ 'അപ്പസ്തോലിക് സൊദാലെസ്', അൽമായപുരുഷന്മാരുടെ സഭാത്മകഗ്രൂപ്പായ 'സോഷ്യൽ ആനിമേറ്റേഴ്സ്' എന്നിവയാണ് ഈ കുടുംബത്തിന്റെ ശാഖകൾ. പരമാവധിസ്നേഹത്തിന്റെ ഈ പ്രേഷിതകുടുംബം ജകീൻതാപിതാവിന്റെ ഹൃദയാഭിലാഷം സ്വന്തമാക്കി, വിശുദ്ധിയിലേക്കുള്ള സാർവത്രികവിളിയുടെ പ്രഘോഷകരായി വർത്തിക്കുന്നു.

ദൈവം കൊളുത്തിയ വിശുദ്ധിയുടെ ഈ നാളം 1914 ലാണ് ഈ ഭൂമിയിൽ ജ്വലിക്കുവാൻ തുടങ്ങിയത്. ജന്മശതാബ്ദി ആഘോഷിക്കുന്ന ദൈവദാസൻ വില്യം ജകീൻതാപിതാവിന്റെ ഓർമ്മയുടെ നിറവിൽ 'പ്രതീക്ഷയുടെ പൂമൊട്ടുകളു'ടെ ഈ ലക്കം വിശേഷാൽപതിപ്പായി വിടരുകയാണ്. അദ്ദേഹത്തിന്റെ വിശുദ്ധമായ ജീവിതം വിശുദ്ധിയിലേക്ക് ഒരു ചുവടുകൂടെ വയ്ക്കുവാൻ നമുക്ക് പ്രചോദനമരുളട്ടെ!

**ചീഫ് എഡിറ്റർ**



## Message

*On this auspicious occasion of the Centenary of the Servant of God Bp. William Giaquinta, with joyful heart, I extend you, all the blessings and best wishes! I am really excited to know that, on this occasion, you – Apostolic Oblates, Indian Nation- are going to publish a special issue of 'Pratheekshayude Poomottukal'. I wish and hope that whoever reads this may be filled with an ardent desire to become a saint. I desire that you not only read but also meditate on the articles and talk with your friends about it. Thus your life will become more and more rich, peaceful and joyful. As a result you can encounter God in each and every moment of life, as Bp. William Giaquinta did. The most beautiful realization of life is to be holy as our heavenly Father is holy!*

*With warm greetings!*

**Loredana Reitano**
General Major Sister
Apostolic Oblates



## Message

*I greet you with joy as we celebrate 100 years from the birth of our Founder. The Servant of God William Giaquinta had a special love for Kerala where he sowed the first seed of the Apostolic Maximalism, the Pro Sanctity Family.*

*By God's grace, the seed watered and cultivated has grown into a beautiful tree, through the leadership of our dear Fr. Matthew Vellanickal, the ministry of Philomi and Varghese, and the availability of each one of you.*

*Our Founder from Heaven rejoices in you and intercedes for you to continue to live holy lives and to be a flame of love in the Church and in the world.*

*Congratulations!*

***Franca Salvo***





# ദൈവദാസൻ ജക്വീൻതാ എന്റെ ഓർമ്മയിൽ




**ആർച്ചുബിഷപ് മാർ ജോസഫ് പവ്വത്തിൽ**

ജീവിച്ചിരുന്നപ്പോൾ തന്നെ ജീവിത വൈശിഷ്ട്യംകൊണ്ട് എല്ലാവർക്കും ആദരണീയനായിരുന്നു ബിഷപ് വില്യം ജക്വീൻതാ. 1994-ലാണ് അദ്ദേഹം കാലം ചെയ്തതെങ്കിലും അധികം താമസിയാതെ തന്നെ 2004-ൽ അദ്ദേഹത്തെ ദൈവദാസനായി റോമിൽനിന്നും പ്രഖ്യാപിച്ചിരിക്കയാണല്ലോ. ഇതു തീർച്ചയായും അദ്ദേഹത്തോട് ബന്ധപ്പെട്ടവർക്കെല്ലാം അഭിമാനകാരണമാണ്. അഭിമാനത്തോടും സന്തോഷത്തോടും കൂടിയാണ് നാമിന്ന് അദ്ദേഹത്തിന്റെ ജന്മശതാബ്ദി കൊണ്ടാടുന്നത്. അദ്ദേഹത്തിന്റെ നാമകരണ നടപടികൾ വേഗം പുരോഗമിക്കാനായി നമുക്ക് പ്രാർത്ഥിക്കാം.

1973-ലാണ് അദ്ദേഹത്തെ ഞാൻ ആദ്യമായി കണ്ടത്. അദ്ദേഹം ഇവിടെ അതിമെത്രാസനമന്ദിരത്തിൽ താമസിച്ചതുകൊണ്ട് അദ്ദേഹത്തെ കുറേയെല്ലാം പരിചയപ്പെടാൻ എനിക്കും അവസരം ലഭിച്ചു. വളരെ വിനയവും ലാളിത്യവുമുള്ള ഒരു വ്യക്തിയെയാണ് എനിക്ക് അദ്ദേഹത്തിൽ കാണാൻ കഴിഞ്ഞത്. വാസ്തവത്തിൽ വിനയമാണ് വിശുദ്ധിയുടെ അടിത്തറ. ഈശോ തന്നെത്തന്നെ പരിചയപ്പെടുത്തിയത് നാം ഓർക്കുന്നുണ്ടല്ലോ. "ഞാൻ ശാന്തശീലനും വിനീത ഹൃദയനുമാകയാൽ എന്റെ നുകം വഹിച്ചുകൊണ്ട് നിങ്ങൾ എന്നിൽ നിന്ന് പഠിക്കുവിൻ" (മത്തായി 11:21). പരി. കന്യകാമറിയവും ഇക്കാര്യം തന്നെയാണ് നമ്മെ ഓർമ്മിപ്പിക്കുന്നത്. "ഞാൻ കർത്താവിനെ മഹത്ത്വപ്പെടുത്തുന്നു. ഞാൻ എന്റെ ദൈവത്തിൽ ആഹ്ളാദിക്കുന്നു. കാരണം അവൻ തന്റെ ദാസിയുടെ താഴ്മയെ തൃക്കൺപാർത്തു" (ലൂക്കാ 1:47-48). താഴ്മയുള്ളിടത്താണ് ദൈവം ഇറങ്ങി വസിക്കുക. അതാണല്ലോ വിശുദ്ധിയും.

അദ്ദേഹം നിഷ്കപടതയുടെ പ്രതീകമായിരുന്നു. അദ്ദേഹത്തിന്റെ പ്രതികരണങ്ങൾ സ്വാഭാവികവുമായിരുന്നു. ഡിപ്ലോമസി അദ്ദേഹത്തിന്റെ കലയല്ലായിരുന്നു. 1973-ൽ ഇവിടെ



വരുമ്പോൾ ഇവിടുത്തെ സാഹചര്യങ്ങളൊന്നും അദ്ദേഹത്തിനു പരിചയമില്ലായിരുന്നുവെന്നുവേണം കരുതാൻ. ഇവിടെ ഒരു ദിവസം അദ്ദേഹം ഉച്ചവിശ്രമത്തിനുകിടന്നപ്പോൾ ഭിത്തിയിൽ വലിയൊരു പല്ലിയിരിക്കുന്നതുകണ്ട് പരിഭ്രാന്തനായി. യൂറോപ്പിൽ അങ്ങനെയൊന്നിനെ മുറികളിൽ കാണാനില്ലല്ലോ. ആരെയോ വിളിച്ച് "ആനിമാലെ" (animal) എന്നുച്ചത്തിൽ പറഞ്ഞതായിട്ടാണ് ഞാൻ മനസ്സിലാക്കിയത്. അത് ഒരു അപരിചിതന് തികച്ചും സ്വാഭാവികമായ പ്രതികരണമായിരുന്നു.

പിന്നീട് അദ്ദേഹത്തിന്റെ രൂപതാസ്ഥാനമായ Tivoli യിൽ പോയി അദ്ദേഹത്തെ കാണാനിടയായിട്ടുണ്ട്. അപ്പോൾ വളരെ ഹൃദ്യമായി സ്വീകരിക്കുകയും സൗഹൃദം പങ്കുവയ്ക്കുകയും ചെയ്തതായി ഓർക്കുന്നു.

"സ്വയം വിശുദ്ധനാകുക, മറ്റുള്ളവരെ വിശുദ്ധിയിലേക്ക് നയിക്കുക" ഇത് അദ്ദേഹത്തിന്റെ ജീവിത ലക്ഷ്യമായിരുന്നു. 1947-ൽ തന്നെ അദ്ദേഹം Pro Sanctity പ്രസ്ഥാനം ആരംഭിച്ചു. എല്ലാവരും വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടവരാണ് എന്ന വലിയ ചിന്ത അദ്ദേഹത്തിന് സ്വന്തമായിരുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ എല്ലാവരും വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു എന്ന സന്ദേശമാണ് ലോകത്തിന് നല്കിയത്. തിരുസ്സഭയെക്കുറിച്ചുള്ള പഠനത്തിൽ അഞ്ചാം അദ്ധ്യായം മുഴുവൻ ഈ ആശയം വിശദീകരിക്കാനാണ് കൗൺസിൽ ഉപയോഗിച്ചിരിക്കുന്നത്. 1968-ൽ മെത്രാനായശേഷം ജകചീൻതാപിതാവ് ഈ സന്ദേശം പൂർവ്വാധികം ശക്തിയോടെ പ്രചരിപ്പിക്കുവാനാണ് ശ്രമിച്ചത്.

ഈ സന്ദേശം കൂടുതൽ വ്യാപകമായി പ്രചരിപ്പിക്കുന്നതിനായിരിക്കണം അദ്ദേഹം ഇൻഡ്യയിലേക്ക് കടന്നുവന്നത്. അദ്ദേഹം ഇറ്റലിയിൽ സ്ഥാപിച്ച മൂന്ന് ഇൻസ്റ്റിറ്റ്യൂട്ടുകളും ഇൻഡ്യയിലും ബഹു. വെള്ളാനിക്കൽ മാത്യു അച്ചന്റെ സഹകരണത്തോടെ അദ്ദേഹം സ്ഥാപിച്ചു. 'അപ്പസ്തോലിക് ഒബ്ളേറ്റ്സ്' സമർപ്പിതരായ സ്ത്രീകൾക്കുവേണ്ടിയുള്ള സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടാണ്. അതിൽ ഇന്ന് 85 സിസ്റ്റേഴ്സുണ്ട്. അവർ വിവിധ ഇടവകകളിലായി പ്രശംസനീയ സേവനം കാഴ്ചവയ്ക്കുന്നു.

1978-ൽ മാങ്ങാനത്ത് സ്ഥാപിതമായ സ്പിരിച്ചാലിറ്റി സെന്റർ ഒബ്ളേറ്റ്സിന്റെ കേന്ദ്രഭവനമാണ്. അതോടൊപ്പം ആ സെന്റർ കേരളത്തിൽ മുഴുവൻ അറിയപ്പെടുന്ന കേന്ദ്രം കൂടിയാണ്. അടുത്ത കാലംവരെ കേരളാ മെത്രാൻ സമിതിയുടെ ധ്യാനം അവിടെവച്ചാണ് നടത്തിയിരുന്നത്. അതുപോലെതന്നെ യാക്കോബായ സഭാവിഭാഗങ്ങളും കത്തോലിക്കാസഭയും തമ്മിലുള്ള ഔദ്യോഗിക ഡയലോഗിന്റെ സമ്മേളനങ്ങൾ അവിടെ വച്ചാണ് നടക്കുക. Sodales എന്ന സമൂഹത്തിലൂടെ 45 വൈദികർ ആദ്ധ്യാത്മികാഭിവൃദ്ധിക്കായി പരിശ്രമിക്കുന്നു. അത്മായ സമൂഹമായ Social Animators ആയി 23 പേർ പ്രവർത്തിക്കുന്നുണ്ട്. ഇവരെയെല്ലാം ചേർന്ന് വലിയൊരു സേവനമാണ് സഭയ്ക്കു കാഴ്ചവയ്ക്കുക.

ജകചീൻതാ പിതാവ് നല്കിയ പ്രചോദനമാണ് ഇവരെയെല്ലാം ആവേശത്തോടെ മുന്നോട്ടുപോകാൻ ഇടയാക്കുന്നത്. അദ്ദേഹത്തിന്റെ ജന്മശതാബ്ദി ആഘോഷിക്കുന്ന ഈ അവസരം അദ്ദേഹത്തെ ഓർമ്മിക്കാനും അദ്ദേഹത്തിന്റെ പ്രേഷിതചൈതന്യത്തിൽ കൂടുതൽ പങ്കുചേരാനും ഉത്സാഹത്തോടെ മുന്നോട്ടുപോകാനും എല്ലാവരെയും സഹായിക്കട്ടെ എന്ന് സ്നേഹപൂർവ്വം ആശംസിക്കുന്നു.







# സഭാസ്നേഹിയായ ബിഷപ് വില്യം ജക്വീൻതാ




**മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ**
മാക്സിമലിസം കുടുംബത്തിന്റെ
സ്ഥാപകഡയറക്ടർ

'വിശുദ്ധിയുടെ പ്രവാചകൻ' എന്നു വിശേഷിപ്പിക്കാവുന്ന വില്യം ജകചീൻതാ പിതാവിനെ ഞാൻ ആദ്യം കാണുന്നതും പരിചയപ്പെടുന്നതും 1973 ലാണ്. ചങ്ങനാശ്ശേരി അതിരൂപതയുടെ അന്നത്തെ മെത്രാപ്പോലീത്താ അഭിവന്ദ്യ മാർ ആന്റണി പടിയറ പിതാവിന്റെ ക്ഷണം സ്വീകരിച്ച് ആദ്യമായി ഇന്ത്യയിൽ എത്തിയ അദ്ദേഹത്തിന്റെ വരവിന് ഒരു ലക്ഷ്യമുണ്ടായിരുന്നു. ഭാവിയിൽ ഇന്ത്യയിൽ സ്ഥാപിതമായി, വളർച്ച പ്രാപിക്കാനിരിക്കുന്ന തന്റെ ആത്മീയമക്കൾക്ക് - അപ്പസ്തോലിക് ഒബ്ലേറ്റ്സ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് അംഗങ്ങൾക്ക്-താമസത്തിന് ഒരിടം കണ്ടെത്തുക എന്നതായിരുന്നു ആ ലക്ഷ്യം. ദൈവപരിപാലനയിൽ അന്ന് അദ്ദേഹത്തെ പരിചയപ്പെടുവാനും അദ്ദേഹവുമായി ബന്ധം സ്ഥാപിക്കുവാനും സാധിച്ചു. അന്നു തുടങ്ങിയ ആ ബന്ധം പടിപടിയായി വളർന്ന്, പിന്നീട് അദ്ദേഹത്തിന്റെ ആത്മീയപുത്രനാകുവാനും അദ്ദേഹത്താൽ സ്ഥാപിതമായ വിശുദ്ധിയുടെ അഥവാ പരമാവധിസ്നേഹത്തിന്റെ കുടുംബാംഗവും ആ കുടുംബത്തിൽ ഉത്തരവാദിത്വമേറിയ ചുമതലകൾ വഹിക്കുന്ന വ്യക്തിയുമാകുവാനും കൃപ നല്കിയ ദൈവത്തിനു നന്ദി.

**സഭയും വിശുദ്ധിയും**

വില്യം ജകചീൻതാപിതാവിനെക്കുറിച്ച് ഒത്തിരിക്കാര്യങ്ങൾ എഴുതാനുണ്ടെങ്കിലും ഇവിടെ ഒരു കാര്യം മാത്രമേ പ്രതിപാദിക്കുന്നുള്ളു - അദ്ദേഹത്തിന്റെ സഭാസ്നേഹം. വിശുദ്ധിയിലേക്കുള്ള

**വിശുദ്ധിയിലേക്കുള്ള യാത്ര ശാന്തമായതും പുഷ്പങ്ങൾ വിതറിയ നിരത്തിലൂടെയുമല്ല, പ്രത്യുത, വളരെ പ്രയാസമേറിയ വഴിയിലൂടെയാണ്.**



സാർവത്രികവിളി കാരിസമായി ദൈവത്തിൽനിന്നു സ്വീകരിക്കുകയും, അത് താൻ സ്ഥാപിച്ച ഇൻസ്റ്റിറ്റ്യൂട്ടുകൾവഴി സഭയ്ക്കു കൈമാറുകയും ചെയ്ത ജകവീൻതാപിതാവിനെ സംബന്ധിച്ചിടത്തോളം വിശുദ്ധിയും സഭയും തമ്മിലുള്ള ബന്ധം അഭേദ്യമാണ്. വിശുദ്ധിയില്ലാതെ സഭയില്ല; സഭയില്ലാതെ വിശുദ്ധിയുമില്ല. ദൈവത്തിന്റെ പരിശുദ്ധനായി ലോകത്തിൽ അവതരിച്ച (മർക്കോ 1,24) മിശിഹായുടെ തുടർച്ചയാണ് സഭ. മിശിഹായുടെ മണവാട്ടിയെന്ന നിലയിൽ സഭയും മിശിഹായും ഒരു ശരീരമാണ്. നാം അവന്റെ ശരീരത്തിലെ അവയവങ്ങളുമാണ്. അതുകൊണ്ട് സഭ പരിശുദ്ധയാണ്. സഭാംഗങ്ങൾ വിശുദ്ധരും വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടവരുമാണ്. അതുകൊണ്ടുതന്നെയാണ് ജകവീൻതാപിതാവിൽനിന്നും പ്രചോദനമുൾക്കൊണ്ട രണ്ടാം വത്തിക്കാൻ കൗൺസിൽ പിതാക്കന്മാർ "സഭയിൽ എല്ലാവരും വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു" (LG ch. 5) എന്നു പറഞ്ഞുവച്ചത്. സഭയെ സ്നേഹിക്കാതെയും സഭയോടൊത്തു ജീവിക്കാതെയും ആർക്കും വിശുദ്ധരാകാൻ സാധിക്കുകയില്ല.

## സഭ വിശുദ്ധരുടെ കുടുംബം

സഭ സെനക്കിളിൽ ഒരു കുടുംബമായിട്ടാണ് ജനിക്കുന്നത് എന്ന് വില്യം ജകവീൻതാപിതാവു പഠിപ്പിക്കുന്നു. പുത്രസഹജമായ സ്നേഹത്തോടെ ഈശോ 'ആബാ'-പിതാവേ എന്നു വിളിക്കുന്നവന്റെ പ്രതിഛായ എല്ലാറ്റിനുമുപരിയായി സെനക്കിളിൽ പ്രതിഫലിക്കുന്നു. പിതാവാണു പുത്രനെ അംഗീകരിക്കുന്നതും മഹത്ത്വപ്പെടുത്തുന്നതും. പിതാവായ ദൈവം ഈശോയുടെ മാത്രം പിതാവല്ല. മറിച്ച്, അവിടുത്തെ അപരിമേയമായ സ്നേഹത്തിൽനിന്നും ജനിക്കുന്ന സഭാമക്കളുടെ മുഴുവൻ പിതാവാണ്. അവിടുത്തെ പുത്രത്വത്തിൽ പങ്കുചേരുന്ന ശ്ലീഹന്മാർ ഈശോയുടെ സഹോദരന്മാരാണ്. 'എന്റെ സഹോദരന്മാരുടെ അടുത്തേക്കു പോകുക' (യോഹ 20,17) എന്ന് മഗ്ദലേനാമറിയത്തോട് അവിടുന്നു പറയുന്നത് വെറും യാദൃച്ഛികമായിട്ടല്ല. ഈശോയുടെ ദൈവപുത്രത്വത്തിൽ പങ്കുചേരുന്നതിലൂടെ അവർ യഥാർത്ഥത്തിൽ അവിടുത്തെ സഹോദരന്മാരായിത്തീരുകയാണ്. മാമ്മോദീസായിലൂടെ പുത്രസ്വീകാരത്തിന്റെ അരൂപിയെ സ്വീകരിച്ച് (റോമാ 8,15-16) ഈശോയുടെ സഹോദരീസഹോദരന്മാരുടെ ഒരു കുടുംബമായിട്ടാണ് സഭ രൂപംകൊള്ളുന്നത്. ഈ കുടുംബാനുഭവത്തിൽ ജീവിക്കുന്നതാണ് വിശുദ്ധി. "എല്ലാവരും വിശുദ്ധർ; എല്ലാവരും സഹോദരർ" എന്ന ജകവീൻതാപിതാവിന്റെ ചൊല്ല് സഭയുടെ ഈ കുടുംബസ്വഭാവത്തെ വ്യക്തമാക്കുന്നതാണ്. തന്റെ സ്വന്തം കുടുംബമെന്ന നിലയിൽ അദ്ദേഹം സഭയെ സ്നേഹിച്ചു.

## സഭാത്മകജീവിതവും വിശുദ്ധിയും

സഭാത്മകജീവിതമാണ് വിശുദ്ധമായ ജീവിതം എന്ന നിലപാടാണ് ജകവീൻതാപിതാവിനുണ്ടായിരുന്നത്. പരിശുദ്ധനായി ഒരാളേയുള്ളു - ദൈവം. മനുഷ്യരാരും അവരിൽത്തന്നെ പരിശുദ്ധരല്ല. ദൈവം മാത്രമാണു പരിശുദ്ധൻ. ദൈവത്തിന്റെ പരിശുദ്ധിയാണ് സൃഷ്ടികർമ്മത്തിനും വിശുദ്ധീകരണകർമ്മത്തിനും നിദാനം. തന്റെ പരിശുദ്ധിയിൽ പങ്കുചേർക്കുവാൻവേണ്ടിയാണ് അവിടുന്നു മനുഷ്യനെ സൃഷ്ടിച്ചതും സഭയെ സ്ഥാപിച്ചതും. പരിശുദ്ധനായ ദൈവം തന്റെ പരിശുദ്ധിയുടെ ഛായയും സാദൃശ്യവും പകർന്നാണ് മനുഷ്യനെ സൃഷ്ടിച്ചത്. എന്നാൽ മനുഷ്യൻ പാപം ചെയ്തു തന്റെ പരിശുദ്ധി നഷ്ടപ്പെടുത്തി. അവൻ നഷ്ടപ്പെടുത്തിയ പരിശുദ്ധിയിൽ അവനെ പുനരുദ്ധരിക്കാനാണ് ദൈവം തന്റെ രക്ഷാകരപ്രവർത്തനം ആവിഷ്കരിച്ചത്. തന്റെ വിശുദ്ധിയിൽ പങ്കുചേരുന്ന ഒരു ജനതയിലൂടെ മനുഷ്യകുലത്തിനു മുഴുവൻ വിശുദ്ധി പകർന്നുകൊടുക്കുവാൻ അവിടുന്നു തീരുമാനിച്ചു: "ഞാൻ പരിശുദ്ധനായിരിക്കുന്നതുപോലെ നിങ്ങളും പരിശുദ്ധരായിരിക്കുവിൻ" (ലേവ്യ 11,44) എന്നരുളിച്ചെയ്തുകൊണ്ട് അവിടുന്ന് ഒരു ജനതയ്ക്ക് രൂപംനല്കി. ആ ജനതയുടെ പൂർത്തീകരണമാണ് സഭ (1 പത്രോ 1,15-16). മാമ്മോദീസായിലൂടെ സഭയിലേക്ക് പ്രവേശിപ്പിക്കപ്പെട്ടും പരി. കുർബാനയിൽ കേന്ദ്രീകൃതമായ കൂദാശാജീവിതം നയിച്ചുകൊണ്ടുമാണ് നാം വിശുദ്ധിയിൽ ജീവിക്കേണ്ടതും വളരേണ്ടതും.



പിതൃമൊഴി

**മറ്റുള്ളവർക്കുവേണ്ടി നാം സ്നേഹത്തിന്റെ ഒരു കൂദാശയാകുക.**

## വിശുദ്ധിയും പരമാവധിസ്നേഹവും


ദൈവം തന്റെ പരിശുദ്ധി മനുഷ്യർക്കു വെളിപ്പെടുത്തിയത് സ്നേഹത്തിന്റെ ഭാഷയിലാണ്. ദൈവമായിരുന്ന അവിടുന്ന് മനുഷ്യനോടുള്ള സ്നേഹത്തെപ്രതി സ്വയംശൂന്യനായി സ്വന്തംജീവൻപോലും ത്യജിക്കുന്ന സ്നേഹശുശ്രൂഷകനും ദാസനുമായി-മനുഷ്യപുത്രനായി-അവതരിച്ചു. ദൈവത്തിന്റെ വിശുദ്ധി അഥവാ അനന്തമായ സ്നേഹം മനുഷ്യരൂപം ധരിച്ചപ്പോൾ അത് 'പരമാവധിസ്നേഹം' (Maximalism of Love) ആയി കാണപ്പെട്ടു. ഈ സ്നേഹം സഭയുടെ മുഖമുദ്രയായി പ്രഖ്യാപിക്കപ്പെട്ടു: "ഞാൻ പുതിയൊരു കല്പന നിങ്ങൾക്കു നല്കുന്നു. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും" (യോഹ 13,34-35). ആദിമസഭയിൽ ഇത് അക്ഷരാർത്ഥത്തിൽ അന്വർത്ഥമായി (നട 2,44-45). അതിന്റെ ഫലമായി സഭ വിശുദ്ധിയുടെ പ്രേഷിതയായി: "രക്ഷ പ്രാപിക്കുന്നവരെ കർത്താവ് അവരുടെ ഗണത്തിൽ പ്രതിദിനം ചേർത്തുകൊണ്ടിരുന്നു" (നട 2,47). ഇങ്ങനെ പരമാവധിസ്നേഹം (മാക്സിമലിസം) പ്രാവർത്തികമാക്കുന്ന സഭാസമൂഹമാണ് സഭയുടെ ആദർശരൂപമായി ജകവീൻതാപിതാവു കണ്ടത്.

## സഭയോടൊത്തുള്ള ജീവിതം

സഭയും വിശുദ്ധിയും തമ്മിലുള്ള ഈ അഭേദ്യബന്ധമായിരിക്കണം സഭയെ സ്നേഹിക്കാനും സഭയോടൊത്തു ജീവിക്കാനും ജകവീൻതാപിതാവിനെ പ്രേരിപ്പിച്ചത്. സഭയുടെ ഏറ്റം ശ്രേഷ്ഠമായ പ്രകാശനവേദിയായ പരി. കുർബാനയർപ്പണം ഭക്തിപൂർവം നിർവഹിക്കുന്നതും സഭയുടെ പ്രാർത്ഥനകൾ നിഷ്ഠയോടും ഭക്തിയോടുംകൂടെ ചൊല്ലുന്നതും പിതാവിന്റെ പ്രത്യേകതയായിരുന്നു. തന്റെ ആത്മീയമക്കൾക്ക് നല്കുന്ന എല്ലാ ധ്യാനപ്രസംഗങ്ങളിലും ഉപദേശങ്ങളിലും സഭയോടുള്ള സ്നേഹത്തിന്റെ തീക്ഷ്ണത പ്രകടമായി കാണാമായിരുന്നു. അദ്ദേഹത്തിന്റെ തൂലികയിലൂടെ വിരചിതമായ നിരവധി ഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റെ സഭാസ്നേഹത്തിനു സാക്ഷ്യംവഹിക്കുന്നവയാണ്. സഭയുടെ ആദ്ധ്യാത്മികതയുടെ പ്രേഷിതരായി വർത്തിക്കുന്ന മാക്സിമലിസം കുടുംബത്തിലെ മൂന്ന് ഇൻസ്റ്റിറ്റ്യൂട്ടുകളും -അപ്പസ്തോലിക് ഒബ്ലേറ്റ്സ്, അപ്പസ്തോലിക് സൊദാലെസ്, സോഷ്യൽ ആനിമേറ്റേഴ്സ്- സഭാസ്നേഹിയായ ജകവീൻതാപിതാവിന്റെ ശാശ്വതസ്മാരകങ്ങളാണ്.

### ആരാധനക്രമവത്സരം

*ആണ്ടുവട്ടത്തിൽ വിവിധകാലങ്ങളിലൂടെ മിശിഹായുടെ രക്ഷാകരരഹസ്യങ്ങൾ മുഴുവനും അനുഭവവേദ്യമാക്കിക്കൊണ്ട് സഭാതനയരുടെ സ്വർഗ്ഗോന്മുഖതീർത്ഥാടനം വിജയപ്രദമാക്കുവാൻ സഭാമാതാവ് സംവിധാനം ചെയ്തിരിക്കുന്നതാണ് ആരാധനക്രമവത്സരം. ഈശോമിശിഹായിൽ പൂർത്തിയാക്കപ്പെട്ട ദൈവത്തിന്റെ രക്ഷാകരപദ്ധതിയിലെ പ്രധാനസംഭവങ്ങളെ കേന്ദ്രീകരിച്ചുള്ളതാണ് പൗരസ്ത്യസുറിയാനിസഭയിലെ ആരാധനാവത്സരം. 9 ആരാധനാകാലങ്ങളായാണ് പൗരസ്ത്യസുറിയാനിസഭയിലെ ആരാധനാവത്സരത്തെ വിഭജിച്ചിരിക്കുന്നത്. ഓരോ കാലത്തിന്റെയും ചൈതന്യമനുസരിച്ചുള്ള ജീവിതംവഴി സഭാമക്കൾക്ക് മിശിഹായെ അനുഭവിക്കുന്നതിനും തങ്ങളുടെ ജീവിതത്തെ വിശുദ്ധീകരിക്കുന്നതിനും സാധിക്കുന്നു. മറ്റ് തിരുനാളാഘോഷങ്ങളും ഭക്താനുഷ്ഠാനങ്ങളും നോമ്പാചരണങ്ങളുമെല്ലാം ഈ മിശിഹാനുഭവത്തിലേക്കു നമ്മെ നയിക്കുന്നതാവണം.*



# വിശുദ്ധിയുടെ സൂര്യതേജസ്സ്



**ഫിലോമി കുളംകുത്തിയിൽ**
നാഷണൽ മേജർ സിസ്റ്റർ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

തിരുസ്സഭയിൽ ഉദിച്ചുയർന്ന ഒരു ചെറുതാരകം. അതിന്റെ ദിവ്യതേജസ്സ് ഭൂഖണ്ഡങ്ങൾ കടന്നെത്തി. ശിരസ്സിൽ പ്രാവർത്തികമാക്കാൻ നന്നെ പ്രയാസമെന്നു തോന്നുന്ന (utopian) ആശയങ്ങളും അധരങ്ങളിൽ 'വിശുദ്ധി, സാഹോദര്യം' എന്ന ദ്വിപദവും മനസ്സിൽനിറയെ സാക്ഷാത്കരിക്കുവാൻ സ്വപ്നങ്ങളും ഹൃദയത്തിൽ നിറയെ സ്നേഹവുമായി, മിന്നിത്തെളിഞ്ഞ്, മിന്നിപ്പൊലിഞ്ഞ്, അനന്തവിഹായസ്സിൽ വഴികാട്ടിയായി മാറിയ ധ്രുവനക്ഷത്രം. ഇതായിരുന്നു ദൈവദാസനായ വില്യം ജകമീൻതാപിതാവ്.

ജീവിതകാലത്ത് വിശുദ്ധിയുടെ പ്രവാചകനും, ഇന്ന് വിശുദ്ധിയുടെ ദിവ്യതേജസ്സുമായി അദ്ദേഹം മാറി. "എല്ലാവരും വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു" എന്ന് രണ്ടാം വത്തിക്കാൻ കൗൺസിലിൽ പിതാക്കന്മാർ പ്രഖ്യാപിക്കുന്നതിന് 20 വർഷങ്ങൾക്കുമുമ്പുതന്നെ അത് ഉറക്കെ ഉദ്ഘോഷിക്കുവാൻ പരിശുദ്ധാത്മാവ് അദ്ദേഹത്തെ ഉപകരണമാക്കി. രണ്ടാം ലോകമഹായുദ്ധത്തിന്റെ കെടുതിയിൽ ആന്തരികവും ഭൗതികവും ധാർമ്മികവുമായ തലങ്ങളിൽ മുറിവേറ്റ ലോകത്തെ രക്ഷിക്കുവാൻ ക്രൈസ്തവരുടെ വ്യക്തിത്വം എന്താണെന്ന ബോധവൽക്കരണത്തിലൂടെ, മനഃസാക്ഷി രൂപീകരണത്തിലൂടെ അദ്ദേഹം അങ്ങേയറ്റം പരിശ്രമിച്ചു. മാമ്മോദീസായിലൂടെ ദൈവമക്കളുടെ, അതിനാൽത്തന്നെ വിശുദ്ധരുടെ ഗണത്തിലായ ക്രിസ്ത്യാനികൾ തങ്ങളുടെ വ്യക്തിത്വം സഭയിൽ കാത്തുസൂക്ഷിക്കുന്നതുവഴി മാത്രമേ ലോകത്തിന്റെ പ്രശ്നങ്ങൾക്ക് ശാശ്വതമായ മറുപടി ലഭിക്കുകയുള്ളു എന്ന് അദ്ദേഹം ഉറച്ചുവിശ്വസിച്ചു. തന്റെ ചിന്തകളിലൂടെ, ആശയാവിഷ്കാരത്തിലൂടെ കൗൺസിൽപിതാക്കന്മാരെ സ്വാധീനിക്കുവാൻ പരിശുദ്ധാത്മാവ് അദ്ദേഹത്തെ ഉപകരണമാക്കി എന്നത് അധികം പരസ്യമാകാത്ത ഒരു വസ്തുതയാണ്. ചരിത്രത്തിലെ ഏതു നിമിഷത്തിലും ഭൂമിയുടെ ഏതു ഭാഗത്തുനിന്നുള്ളവരായാലും ഓരോ മനുഷ്യനോടും വിശുദ്ധിയിലേക്കുള്ള വിളിയെക്കുറിച്ചു പറയണം, വിശുദ്ധിയുടെ പൂർണ്ണതയിലേക്കുള്ള പാത സഭയിലൂടെ അവനു തെളിച്ചുകൊടുക്കണം എന്നത് അദ്ദേഹത്തിന്റെ ഹൃദയാഭിലാഷമായിരുന്നു.

"എല്ലാവരും വിശുദ്ധർ, എല്ലാവരും സഹോദരർ" എന്നത് അദ്ദേഹത്തിന്റെ ആപ്തവാക്യമാണ്. വിശുദ്ധിക്കും സാഹോദര്യത്തിനും മാത്രമേ ഇന്നത്തെ ലോകത്തെ രക്ഷിക്കാനാവൂ എന്നദ്ദേഹം ഉറച്ചുവിശ്വസിച്ചു. ദൈവസ്നേഹത്തിൽനിന്നും, അതിനാൽത്തന്നെ സഹോദരസ്നേഹത്തിൽനിന്നും മനുഷ്യൻ അകന്നുപോയതാണ് അവന്റെ ദുഃസ്ഥിതിക്ക് കാരണമെന്നും, ദൈവസ്നേഹത്തിലൂടെയും സഹോദരസ്നേഹത്തിലൂടെയും മാത്രമേ ഇന്നത്തെ മനുഷ്യനെ രക്ഷിക്കാനാവൂ എന്നും അദ്ദേഹത്തിന് ഉത്തമബോദ്ധ്യം ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെതന്നെ വാക്കുകളിൽ പറഞ്ഞാൽ "ദൈവത്തോടും സഹോദരനോടുമുള്ള സമ്പൂർണ്ണ സ്നേഹത്തിൽ അടിയുറച്ചതാണ് പുതിയ ലോകം. അതായത്, വിശുദ്ധിയിലേക്കുള്ള സാർവത്രികവിളിയിൽ അടിയുറച്ചത്. എല്ലാവരും വിശുദ്ധരാകേണ്ടവർ എന്ന ആശയം നമ്മെയെല്ലാം ആകർഷിക്കണം. എല്ലാവരും തന്നിൽത്തന്നെ സ്നേഹത്തിന്റെ വിപ്ലവകാരിയുടെ ഒരു ശൈലി കണ്ടെടുക്കണം."

ദൈവത്തിന്റെ പരിശുദ്ധി എന്നുപറയുന്നത് അവിടുത്തെ അനന്തസ്നേഹമാണ്. ഓരോ മനുഷ്യമക്കളെയും വിശുദ്ധരാക്കിത്തീർക്കുക എന്നതാണ് ദൈവത്തിന്റെ പദ്ധതി. അതിനായി പിതാവായ ദൈവം തന്റെ ഏകജാതനെത്തന്നെ നല്കി (യോഹ 3,16). ക്രിസ്തീയജീവിതത്തിന്റെ ഈ അടിസ്ഥാനതത്ത്വങ്ങൾ വില്യം ജകമീൻതാപിതാവിന്റെ ഹൃദയസ്പന്ദനങ്ങളായി മാറി.

"ദൈവത്തിന്റെ അനന്തസ്നേഹത്തിനുള്ള സമ്പൂർണ്ണ മറുപടിയല്ലാതെ മറ്റൊന്നല്ല വിശുദ്ധി." ദൈവത്തിന്റെ അനന്തസ്നേഹത്തിന് മനുഷ്യൻ കൊടുക്കേണ്ട മറുപടിക്ക് അദ്ദേഹം ഒരു പേരും നല്കി – "പരമാവധിസ്നേഹം". "ദൈവത്തിന്റെ അനന്തസ്നേഹം നമ്മിൽനിന്ന് ഒരു മറുപടി പ്രതീക്ഷിക്കുന്നു. പരിമിതനായ മനുഷ്യന്റെ മറുപടി അനന്തമാകുക സാധ്യമല്ല. എന്നാൽ അത് അനന്തതയോളമെത്തുന്നത്, അതായത്, 'പരമാവധി' ആയിരിക്കണം. ഇതുതന്നെയാണ് വിശുദ്ധി".

എപ്രകാരമാണ് ഈ വിശുദ്ധി-പരമാവധി സ്നേഹം നാം പ്രാവർത്തികമാക്കേണ്ടത് എന്നുള്ളതിനെക്കുറിച്ചും അദ്ദേഹത്തിന് വ്യക്തമായ ധാരണകൾ ഉണ്ടായിരുന്നു. ദൈവത്തിലേക്കും സഹോദരനിലേക്കും എപ്പോഴും തിരിഞ്ഞിരിക്കുന്ന ഒരു നല്ല മനസ്സിന്റെ ഉടമയായിത്തീരുക. ഇതിന് മനസ്സിന് രൂപീകരണം നല്കണം. സഹോദരനിൽ ദൈവത്തിന്റെ മുഖം എപ്പോഴും കാണുവാൻ സാധിക്കുന്ന ഒരു മനസ്സിന്റെ ഉടമയായിത്തീരുക. അദ്ദേഹത്തിന്റെ വാക്കുകൾ നോക്കുക: "നമ്മുടെ കർത്താവ് പരി. കുർബാനയിൽ മറഞ്ഞിരിക്കുന്നതുപോലെ, സഹോദരനിലും മറഞ്ഞിരിക്കുന്നു. ദിവ്യകാരുണ്യ ഈശോയെ നാം ആരാധിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നതുപോലെ സഹോദരനിലുള്ള ഈശോയെ നാം സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു." "പരസ്നേഹം ദൈവസ്നേഹത്തിന്റെ പ്രകാശനമാണ്. അത് ദൈവത്തിന്റെ നേർക്കുള്ള സ്നേഹം സഹോദരനിലേക്ക് നിർഗളിക്കുന്നതാണ്, പ്രസരിക്കുന്നതാണ്".

വിശുദ്ധിയുടെ, സ്നേഹത്തിന്റെ പ്രവാചകനായിരുന്നു ദൈവദാസനായ വില്യം ജകമീൻതാപിതാവ്. സ്നേഹം ത്യാഗമാണെന്ന്, സഹനമാണെന്ന്, അദ്ദേഹം ജീവിതത്തിലൂടെ വ്യക്തമാക്കി.

വിശുദ്ധി പ്രാപിക്കേണ്ടത് സഭയോടുകൂടിയാണ്, സഭയിലാണ് എന്ന് ഉറച്ചുവിശ്വസിച്ച സഭാസ്നേഹിയായിരുന്നു ജകമീൻതാപിതാവ്. സഭയെ ദൈവമക്കളുടെ കുടുംബമായി അദ്ദേഹം മനസ്സിലാക്കി. പിതാവ് സ്ഥാപിച്ച ഇൻസ്റ്റിറ്റ്യൂട്ടുകൾക്കെല്ലാം സഭാസ്നേഹം, സഭയോടുള്ള വിശ്വസ്തത, അദ്ദേഹം മുഖമുദ്രയാക്കി. അദ്ദേഹം പറയുന്നു: "നാം അമൂർത്തമായതല്ല, മൂർത്തമായ ഒരു വിശുദ്ധി ജീവിക്കണം. ഇതർത്ഥമാക്കുന്നത് മിശിഹായോടും സഭയോടുമുള്ള അനുസരണവും മനുഷ്യകുലം മുഴുവനോടുമുള്ള സാഹോദര്യസ്നേഹവുമാണ്". ചരിത്രത്തിലുള്ള മിശിഹായുടെ സാന്നിദ്ധ്യത്തിന്റെ രഹസ്യമാണ് സഭ; ചരിത്രത്തിൽ ജീവിക്കുന്ന മിശിഹായാണ് സഭ എന്നൊക്കെ അദ്ദേഹം പറഞ്ഞുവച്ചു.

വിശുദ്ധി ജീവിക്കുക എന്നത് ബുദ്ധിമുട്ടേറിയതും സങ്കീർണ്ണവുമാണെങ്കിലും അത് സാധ്യമാണ് എന്ന് അദ്ദേഹം നിരന്തരമായി പങ്കുവച്ചു. വലിയ വലിയ കാര്യങ്ങൾചെയ്ത് രക്തസാക്ഷിയായില്ലെങ്കിലും അനുദിനജീവിതത്തിലെ ചെറിയ ചെറിയ കാര്യങ്ങൾ വിശ്വസ്തതയോടെ നിർവഹിച്ച് വിശുദ്ധരാകാൻ സാധിക്കും എന്ന് അദ്ദേഹം എല്ലാവരോടും പറഞ്ഞു. വ്യക്തിഗതമായ വിശുദ്ധിയുടെ ആകർഷണശക്തിയിൽ വിശ്വസിക്കുന്നതിനോടൊപ്പം വിശുദ്ധിക്കായുള്ള സംഘടിതശക്തിയിലും ഞാൻ വിശ്വസിക്കുന്നു എന്നുപറഞ്ഞ ജകമീൻതാപിതാവ് വിശുദ്ധിയുടെ പ്രേഷിതത്വത്തിനായുള്ള പ്രോസാങ്ടിറ്റി മൂവ്മെന്റ് സ്ഥാപിച്ചു.

ദൈവത്തിന്റെ അനന്തസ്നേഹം തൊട്ടനുഭവിച്ച്, അതിന് പരമാവധിസ്നേഹത്തിലൂടെ മറുപടികൊടുത്ത് വിശുദ്ധിയുടെ പടവുകൾ ചവുട്ടിക്കയറിയ ദൈവദാസൻ വില്യം ജകമീൻതാപിതാവിന്റെ ജന്മശതാബ്ദി ആഘോഷിക്കുന്ന ഈ അവസരത്തിൽ, മാമ്മോദീസായിൽ പതിഞ്ഞ 'വിശുദ്ധി'യുടെ മുദ്ര സഭയിലൂടെ, പരിശുദ്ധാത്മശക്തിയിലൂടെ കൂടുതൽ തിളക്കമുള്ളതാക്കിത്തീർക്കാൻ നമുക്കു ശ്രമിക്കാം.





# വിശുദ്ധിയുടെ പ്രവാചകൻ

**ഡോ. സേവ്യർ കൂടപ്പുഴ**
മാർ തോമ്മാശ്ലീഹാ ആശ്രമം, നല്ലതണ്ണി

'നീതിമാനെ സ്മരിക്കുന്നത് അനുഗ്രഹമാണ്" (സുഭാ 10,7). നല്ല സ്മരണകളാണല്ലോ മനുഷ്യജീവിതത്തെ ധന്യമാക്കുന്നത്. മുൻകാലാനുഭവങ്ങളും വ്യക്തികളുടെയും സമൂഹങ്ങളുടെയും ആശയങ്ങളും അന്തർഗതങ്ങളും സവിശേഷതകളും അടുത്തറിയുമ്പോഴാണ് അവരോടുള്ള ബന്ധം ജീവസ്പർശിയാകുന്നത്. കാലചക്രം അതിവേഗം തിരിയുന്നു. നല്ലവരുമായുള്ള വ്യക്തിബന്ധങ്ങൾ ഇപ്പോഴും ഓർമ്മകളെ സജീവമാക്കുന്നു. അപ്പസ്തോലിക് ഒബ്ലേറ്റ്സ്, അപ്പസ്തോലിക് സൊദാലെസ്, സോഷ്യൽ ആനിമേറ്റേഴ്സ് എന്നീ ആദ്ധ്യാത്മികനവീകരണപ്രസ്ഥാനങ്ങളുടെ ആരംഭകനായ ദൈവദാസൻ ബിഷപ് വില്യം ജകീൻതായുമായി അടുത്തു പരിചയപ്പെടാനും സഹകരിക്കാനും സാധിച്ചത് അനുഗൃഹീതമായൊരു ഓർമ്മയായി മനസ്സിൽ കാത്തുസൂക്ഷിക്കുന്നു.

**ആരംഭം**

1973 ജനുവരിമാസത്തിലായിരുന്നു ആരംഭം. ചങ്ങനാശ്ശേരി ആർച്ചുബിഷപ്സ് ഹൗസിൽനിന്ന് ഒരു ഫോൺസന്ദേശം. വിളിച്ചത് ആർച്ചുബിഷപ്പ് പടിയറ പിതാവ്. ഇറ്റലിയിലെ തീവൊളിരൂപതാദ്ധ്യ





ക്ഷൻ ബിഷപ് വില്യം ജകീൻതാ അവിടെ വന്നിട്ടുണ്ടെന്നും അദ്ദേഹവുമായി ചില കാര്യങ്ങൾ അടിയന്തിരമായി ചർച്ചചെയ്യണമെന്നുമായിരുന്നു പിതാവിന്റെ സന്ദേശം. താമസിയാതെ ഞാൻ ചങ്ങനാശ്ശേരിയിലെത്തി. ജകീൻതാപിതാവിന്റെ മുറിയിൽച്ചെന്നു. വാതിലിനുപുറത്ത് അല്പം അസ്വസ്ഥനായി കണ്ട പിതാവ് എന്നോട് ഇറ്റാലിയൻഭാഷയിൽ, "മുറിക്കകത്ത് ഒരു പാമ്പ് (serpente) ഉണ്ട്" എന്നുപറഞ്ഞു. ഞാൻ വിളിച്ചുപറഞ്ഞപ്പോൾ അവിടുത്തെ പണിക്കാർ വടിയുമായി ഓടിയെത്തി. അദ്ദേഹം സാവധാനത്തിൽ വാതിൽതുറന്ന് ചൂണ്ടിക്കാണിച്ചത് ഭിത്തിയിലിരിക്കുന്ന വലിയൊരു പല്ലിയെ!

**പിതാവിന്റെ അഭ്യർത്ഥനയും എന്റെ ദൗത്യവും**


റോമിൽ പരിശീലനം കഴിയാറായ അപ്പസ്തോലിക് ഒബ്ലേറ്റ്സിന് തനതായൊരു ഭവനം വേണം. അതിന് സൗകര്യപ്രദമായ സ്ഥലം വാങ്ങണം. അവർക്കുവേണ്ട എല്ലാ സഹായസഹകരണങ്ങളും നല്കണം. സാമ്പത്തികകാര്യങ്ങളൊക്കെ പടിയറ പിതാവിനെ ഭരമേല്പിക്കും. ഒബ്ലേറ്റ്സിന്റെ ഉത്തരവാദിത്വം എന്നെ ഏല്പിക്കാൻ ഒരു പശ്ചാത്തലമുണ്ട്. സീറോ മലബാർ, സീറോ മലങ്കര, ലത്തീൻരൂപതകൾ ഉൾക്കൊള്ളുന്ന സന്ന്യാസിനീസമൂഹങ്ങളുടെ (CRI) കോട്ടയം റീജിയനൽ യൂണിറ്റിന്റെ 'പ്രീസ്റ്റ് അഡ്വൈസർ' ആയി മറ്റ് അഭിവന്ദ്യ പിതാക്കന്മാരുമായി ആലോചിച്ച്, അഭിവന്ദ്യ കാവുകാട്ടുപിതാവ് ചങ്ങനാശ്ശേരി അതിരൂപതാംഗമായിരുന്ന എന്നെ 1969 ൽ നിയമിച്ചിരുന്നു. തുടർന്ന് വത്തിക്കാൻ കൗൺസിലിന്റെ വെളിച്ചത്തിൽ ഒരു നല്ല പരിശീലനകേന്ദ്രം ആരംഭിക്കേണ്ടതാണെന്ന് മേജർ സുപ്പീരിയേഴ്സുമൊത്ത് ചർച്ചചെയ്തു തീരുമാനിക്കുകയും ചെയ്തു. 1972 മെയ് 21 ന് തനതായൊരു കെട്ടിടമില്ലാതെ എം. ഒ. സി. ചങ്ങനാശ്ശേരിയിൽ ആരംഭിച്ചു. പാറേൽ തിരുഹൃദയസന്ന്യാസിനികളുടെ വക ഒരു കെട്ടിടത്തിലായിരുന്നു തുടക്കം. മിക്കവാറും എല്ലാ ദിവസവും ഞാൻ കോട്ടയത്തുനിന്നു പാറേൽവന്നിരുന്നു. സെമിനാരിക്കടുത്ത് ഒരു സ്ഥലം അന്വേഷിച്ചുകൊണ്ടിരുന്നപ്പോഴാണ് ബിഷപ് വില്യം ജകീൻതാ ചങ്ങനാശ്ശേരിയിലെത്തുന്നത്.

**അത്ഭുതകരമായ ഔദാര്യം**

ഉടനെതന്നെ സെമിനാരിക്കടുത്തുള്ള ഒരു സ്ഥലം കണ്ടെത്തി. അതിന്റെ ഉടമസ്ഥൻ കളരിക്കൽ കൊച്ചൂഞ്ഞ്. ഊട്ടിബിഷപ്പായിരുന്നപ്പോൾ മുതൽ പടിയറപിതാവിന്റെ ആത്മസുഹൃത്ത്. മാർത്തോമ്മാസഭാംഗം. ജകീൻതാപിതാവുമായി ഞാൻ ഇക്കാര്യം ചർച്ചചെയ്തു. സ്ഥലം നേരിട്ടു കാണാൻ പിതാവു വന്നു. വളരെ ഇഷ്ടപ്പെട്ടു. തുടർന്ന് സ്ഥലമുടമയെ ചങ്ങനാശ്ശേരിയിലേക്കു ക്ഷണിച്ചു. ഞങ്ങൾ ഒരുമിച്ചു ചർച്ചചെയ്തു. സ്ഥലത്തിന്റെ വില പടിയറപിതാവ് നിശ്ചയിക്കുന്നതു മതിയെന്ന് കൊച്ചൂഞ്ഞ് സന്തോഷത്തോടെ സമ്മതിക്കുകയും ചെയ്തു. നല്ലൊരു ക്രിസ്ത്യാനിയുടെ സഹകരണം. നന്ദിയോടെ ഓർക്കേണ്ട വ്യക്തി.

**ആദ്യത്തെ സമൂഹം**

1973 ൽ ആരംഭിച്ച പരസ്പരബന്ധം അഭംഗം തുടർന്നു. ഒബ്ലേറ്റ്സിന്റെ ജനറൽ സുപ്പീരിയർ സി. ഫ്രാങ്കയും പിന്നീടുള്ള സമ്പർക്കങ്ങളിൽ പങ്കുചേർന്നു. 1975 മെയ് മാസത്തിൽ ആദ്യത്തെ അംഗങ്ങളായ റോസമ്മ, അന്നമ്മ, റോസി, എലിസബത്ത് എന്നിവർ വന്നെത്തി. ആദ്യം എം. ഒ. സി. ക്കുവേണ്ടി ഹോസ്റ്റൽ നടത്തിയിരുന്നത് സി. എം. സി സിസ്റ്റേഴ്സാണ്. അവരെയും നന്ദിയോടെ ഓർക്കേണ്ടതാണ്. ഈ ഹോസ്റ്റലിലായിരുന്നു ഒബ്ലേറ്റ്സിനെ ആദ്യം താമസിപ്പിച്ചിരുന്നത്. ജകീൻതാപിതാവും ഒബ്ലേറ്റ്സും ആഗ്രഹിച്ചതനുസരിച്ച് ഒബ്ലേറ്റ്സിന് തനതായി ചെറിയൊരു ഭവനം നിർമ്മിച്ചു. ഇപ്പോഴത്തെ പ്രസ്സിന്റെ താഴത്തെ നിലയുടെ ഒരു ഭാഗമാണത്. തുടർന്ന് ഇപ്പോഴത്തെ ഭവനത്തിന് പടിയറപിതാവ് ശിലാസ്ഥാപനം നടത്തി. ഇറ്റലിയിൽനിന്ന് എൻജിനീയേഴ്സ് കൊണ്ടുവന്ന പ്ലാൻ ഇവിടുത്തെ കാലാവസ്ഥയ്ക്കും സാഹചര്യത്തിനും ചേർന്നതായിരുന്നില്ല. തന്മൂലം കുറേക്കൂടി ലളിതവും ചെലവുകുറഞ്ഞതുമായ ഇപ്പോഴത്തെ ഭവനം നിർമ്മിച്ചു. ഈയവസരങ്ങളിലെല്ലാം



ബിഷപ് വില്യം ജക്വീൻതായും സുപ്പീരിയർ സി. ഫ്രാങ്കയുമായി ഞാൻ അടുത്ത സമ്പർക്കത്തിലായിരുന്നു.

**കാഞ്ഞിരപ്പള്ളി രൂപതയിലേക്ക്**

1977 ഫെബ്രുവരിയിൽ കാഞ്ഞിരപ്പള്ളി രൂപത സ്ഥാപിതമായി. സുഹൃത്തായിരുന്ന അഭിവന്ദ്യ പവ്വത്തിൽപിതാവ് രൂപതാദ്ധ്യക്ഷൻ. ഞാൻ എം. ഒ. സി. യിൽത്തന്നെ തുടരണമെന്ന് പടിയറപിതാവ് ആഗ്രഹിച്ചു. പക്ഷേ പുതിയ രൂപതയുടെ പ്ലാനിംഗിൽ പവ്വത്തിൽപിതാവ് എന്നെയും രൂപതയുടെ ഔദ്യോഗിക കൺസൾട്ടറാക്കി. സ്വദേശമായ കാഞ്ഞിരപ്പള്ളിയിലെ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ പതിക്കേണ്ടിവന്നു. ചങ്ങനാശ്ശേരി രൂപതാംഗമായ ഒരു വൈദികനെ ഒബ്ലേറ്റ്സിന്റെ ഡയറക്ടറായി ചുമതലയേല്പിച്ചു. എങ്കിലും ഒബ്ലേറ്റ്സുമായുള്ള സ്നേഹബന്ധത്തിനു കുറവൊന്നുമില്ല. അഭിവന്ദ്യപിതാവും ജനറൽ സുപ്പീരിയേഴ്സും നാട്ടിൽ വരുമ്പോൾ എന്നെയും സന്ദർശിക്കുമായിരുന്നു. എന്റെ പൗരോഹിത്യ രജതജൂബിലിയോടനുബന്ധിച്ച് ഞാൻ പഠിച്ചിരുന്ന റോമിലെത്തിയപ്പോൾ അഭി. ജക്വീൻതാപിതാവും ഒബ്ലേറ്റ്സ്സമൂഹവും പ്രത്യേകം ക്ഷണിക്കുകയും ആശംസകൾ അർപ്പിക്കുകയും പിതാവ് നേരിട്ട് ഒരു കാസാ സമ്മാനിക്കുകയും ചെയ്തു.

**നമോവാകം**

ജക്വീൻതാപിതാവ് വലിയൊരു പ്രവാചക ദൗത്യം നിർവഹിച്ചു. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ചൈതന്യമനുസരിച്ച് ജീവിച്ചു. സഭയെ വലിയൊരു ആഗോളസംഘടനയായി മാത്രം കാണാതെ ദൈവജനമായി കൗൺസിൽ നിർവചിച്ചു. സഭ ദൈവജനമാണ്. ദൈവം സ്വന്തജനത്തിൽ പ്രവർത്തിക്കുന്നു. അവർക്ക് സ്വജീവസാക്ഷ്യത്തിലൂടെ നേതൃത്വം നല്കുകയാണ് സഭാനേതൃത്വത്തിന്റെ ദൗത്യം. മേലുദ്യോഗസ്ഥന്മാരും കീഴുദ്യോഗസ്ഥന്മാരും, ആനുകൂല്യമനുഭവിക്കുന്നവരും അവയൊന്നുമില്ലാത്ത സാധാരണക്കാരും, ആശ്രിതരും ആശ്രിതവത്സലരുമുള്ള, ഉച്ചനീചത്വമുള്ള, വെറുമൊരു ഭൗതികസംഘടനയായി തിരുസ്സഭ അധഃപതിക്കരുത്. ആത്മീയതയാണ് തിരുസ്സഭയുടെ ആത്മാവ്. ദൈവം മാത്രമാണ് യഥാർത്ഥ പിതാവ്. ഈ ആത്മീയത ദൈവജനത്തിനു പങ്കുവയ്ക്കാൻ ദൈവം നിയോഗിച്ച പ്രവാചകനാണ് ദൈവദാസൻ ബിഷപ് വില്യം ജക്വീൻതാ. അദ്ദേഹത്തോടു ബന്ധപ്പെടാനും സഹകരിക്കാനും സാധിച്ചതിൽ സന്തോഷിക്കുന്നു. ആ ഓർമ്മയുടെ മുമ്പിൽ നമോവാകം.

**ശ്ലീഹാക്കാലം**

**രക്ഷാകരപ്രവർത്തനത്തിന്റെ പൂർത്തീകരണമായി അയയ്ക്കപ്പെട്ട അരൂപിയുടെ പ്രവർത്തനത്തിലൂടെ ശ്ലീഹന്മാർ സുവിശേഷപ്രഘോഷണം നടത്തിയതുവഴി അക്രൈസ്തവസമൂഹം മാമ്മോദീസാ സ്വീകരിച്ച് വിശ്വാസികളുടെ സമൂഹമായിത്തീർന്നു. ബാബേലിൽ ഭാഷ ചിതറിക്കപ്പെട്ടുവെങ്കിൽ ജറുസലേമിൽ വിവിധ ഭാഷാജ്ഞാനം നല്കിക്കൊണ്ട് എല്ലാ ജനതകളെയും ദൈവം ഐക്യപ്പെടുത്തി. ഇപ്പോഴും ഭാഷ, ജാതി, മതം, വർണ്ണം എന്നിവയുടെ പേരിൽ കലഹം തുടരുന്നത് മനുഷ്യന്റെ സങ്കുചിതമനഃസ്ഥിതി ഒന്നുകൊണ്ടു മാത്രമാണ്.**







# തുഷാരഹാരം

**സിനി തടത്തേൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

ഇത് സ്നേഹചിരാത്...


ഹൃദയസ്പന്ദനങ്ങളും ചുടുനിശ്വാസങ്ങളും ഈശ്വരോപാസനയ്ക്കായ് മാറ്റിവച്ചപ്പോൾ വിശുദ്ധി പെയ്തിറങ്ങുകയായ്... സ്നേഹിച്ചുകൊണ്ടു മാത്രമേ പടുത്തുയർത്താനാവൂ എന്ന സ്നേഹദർശനങ്ങളുടെ ആഴങ്ങളിലേക്ക് മനസ്സിനെ അഭിരമിപ്പിക്കുന്ന മഹാത്യാഗിയുടെ, അറിവിന്റെ അഗ്നിജ്വാല തുറന്നെത്തുന്ന വെള്ളരിപ്രാവിന്റെ ഊഷ്മളമായ ചിന്തകൾ...

നിഴലുകളില്ലാത്ത വീട്
ഇടവഴിയിലൊക്കെയും കാൽവിരൽപ്പാടുകൾ
ആകാശമേ നിന്റെ നീർത്തുള്ളികൾ
എന്റെ കിനാവിൽ നിറയുന്നു
ദിവ്യമാണീ ജന്മം പുണ്യമാണീ സുകൃതം
ദ്യോവുമീ ഭൂവും തിളങ്ങി നിന്നീടുന്നു.
നിന്നനവദ്യോദാരശോഭയാൽ
നോത്തോഗ്രാമം ലയിച്ചിടുന്നു
വിശുദ്ധിതൻ വാഞ്ഛ കരകവിഞ്ഞൊഴുകവേ
ജനിമൃതികളുടെ നായകനെ നമിച്ചിടുന്നു.
നിശ്ചലനീലജലത്തിലതേകുന്നു
നിസ്തുലചലന വിശേഷങ്ങൾ
അപരനായ് ആത്മം പകുത്തേകിയോൻ
അപരന്റെ ബലത്തിനായ് മുറിച്ചേകിയോൻ
അപരന്റെ കണ്ണിലെ ദൈവത്തെ കണ്ടി-
ട്ടിന്നെന്നോടു ചൊല്ലി...
സ്നേഹിച്ചുകൊണ്ടു നീ പടുത്തുയർത്തീടുക
ഹൃദയം തേനറയായ് തീർക്കുന്ന താതൻ
ശലഭസ്വപ്ന സ്വർഗങ്ങൾ തുറക്കുന്നു
ഓരോ കിനാവിലും എന്നാത്മധ്വനിയിലും
നിൻ സ്നേഹമന്ത്രം പടർന്നുനിന്നു
എല്ലാവരുംവിശുദ്ധർ എല്ലാവരും സഹോദരർ
തിരുസ്സഭാരാമത്തിൻ സൗഗന്ധികപുഷ്പമേ
നിൻ വിശുദ്ധി എങ്ങും പരന്നീടവേ
ഭാരതമക്കൾക്കും നിൻ ഹൃത്തിൽ ജന്മമായ്
നിൻ സ്പന്ദനവും മക്കൾക്ക് സ്വന്തമായ്
ചന്ദനത്തിരിയായ് എരിയുന്ന നൊമ്പരനേരത്ത്
നീ ചൊല്ലി.. ദൈവഹിതമാകട്ടെ നിൻ പറുദീസ
മൊഴികേട്ടു നിൻ വഴി ഗമിച്ചിടുമ്പോൾ
തരിശുനിലങ്ങളെ ഹരിതാഭമാക്കുന്ന
കനിവിന്റെ രൂപമായ് നീ
ഗത്സമേൻ കാറ്റിന്റെ ഏകാന്തതയിൽ
ജപമണികളിൽ നീ തീർത്ത പുണ്യം
എൻ ജീവയാത്രയിൽ അമൃതായി മാറുന്നു
ഒരിക്കൽ നീയോതിയെൻ കാതുകളിൽ
സാഹോദര്യം സംഗീതമാക്കി നീ മാറ്റൂ
അൾത്താരയിലാഹരിക്കാവുന്ന അപ്പമായ് മാറുക
ബലമേറിയ നേരത്തും ബലശൂന്യനേരത്തും
നിൻ ചുടുനിശ്വാസങ്ങളിലുയരട്ടെ
എന്റെയമ്മേ എന്റെയാശ്രയമേ
ആവലാതികൾ പ്രാർത്ഥനയായ് നീ ഉയർത്തി
പരിദേവനങ്ങളോ പരിചിന്തനങ്ങളാക്കി
ദൈവസ്നേഹഗീതമായ് നീ ജീവിതംമാറ്റി
വിശുദ്ധിയുടെ ദിവ്യപ്രവാചകനായ്...
മറക്കില്ല താതാ നിൻ വചനാമൃതം
നിറവായ് നിറവാർന്നോരോർമ്മയായ്തെളിയുന്നു
നിൻ വഴിയോ ത്യാഗോജ്ജ്വലം
നിൻ മൊഴിയോ ധീരോജ്ജ്വലം
ഇനിയും...
നാഥന്നരികിൽ നീ സ്നേഹചിരാത് തെളിക്കുമ്പോൾ
ഒരു കാര്യം മാത്രം ഞാനും ചോദിപ്പൂ
നിൻ സ്നേഹവിപ്ലവത്തിൻ സാക്ഷിയായ്തീരാൻ
ഒരു കാര്യം മാത്രം ഞാനും ചോദിപ്പൂ
അനന്തവും നിർമ്മലവുമായ നിന്റെ സ്നേഹം
വിസ്മയത്തോടെ വിതുമ്പി നില്ക്കുന്ന
പ്രാർത്ഥനയിലെ ഒരു തേങ്ങൽമാത്രം
ഞാനും ചോദിപ്പൂ...



# നിറക്കൂട്ടുകൾ...... (2013–2014)







# ജീവിതവഴികളിലൂടെ...

**അന്നമ്മ കുളത്തൂപുരയിടം**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

വിശുദ്ധിയിലേക്കുള്ള സാർവത്രികവിളിയുടെ പ്രവാചകശബ്ദമായി രംഗപ്രവേശനം ചെയ്യുകയും എല്ലാവരും ദൈവപിതാവിൽ എത്തിച്ചേരുക എന്നത് ജീവിതലക്ഷ്യമായി കരുതി അതിനായി ജീവിതം സമർപ്പിക്കുകയും ചെയ്ത വ്യക്തിയാണ് ദൈവദാസൻ ബിഷപ് വില്യം ജക്വീൻതാ. 1914 ജൂൺ 25-ാം തീയതി ഇറ്റലിയിലെ 'നോത്തോ' എന്ന ഗ്രാമത്തിൽ ഗയത്തോനോ ജക്വീൻതായുടെയും മരിയയുടെയും നാലു മക്കളിൽ മൂന്നാമനായി വില്യം ജനിച്ചു. ജൂൺ 26 നുതന്നെ മാമ്മോദീസായും എട്ടാമത്തെ വയസ്സിൽ പ്രഥമദിവ്യകാരുണ്യവും സ്ഥൈര്യലേപനവും സ്വീകരിച്ചു.

പ്രാഥമികവിദ്യാഭ്യാസത്തിനുശേഷം 1927 നവംബറിൽ റോമിലെ മൈനർ സെമിനാരിയിൽ വിദ്യാഭ്യാസം തുടർന്നു. അതിനുശേഷം വൈദിക പഠനത്തിനായി 1933 ഒക്ടോബർ 24 ന് റോമിലെ മേജർ സെമിനാരിയിൽ പ്രവേശിച്ചു. 1939 മാർച്ച് 19ന് സെമിനാരിയിലെ ആശ്രയമാതാവിന്റെ നാമധേയത്തിലുള്ള ദൈവാലയത്തിൽവച്ച് വൈദികപട്ടം സ്വീകരിച്ചു. മാർച്ചു 19 ന് വി. യൗസേപ്പുപിതാവിന്റെ തിരുനാൾദിനത്തിൽ റോമിലെ 'സാന്താ മരിയ' എന്ന ഇടവകദൈവാലയത്തിൽവച്ച് ഫാ. വില്യം പ്രഥമദിവ്യബലിയർപ്പിച്ചു. ഇതിനുശേഷം അജപാലനശുശ്രൂഷയോടൊപ്പം ഉപരിപഠനത്തിനു പോകുകയും കാനൻ ലോ, സിവിൽ ലോ, ആദ്ധ്യാത്മികദൈവശാസ്ത്രം എന്നിവയിൽ 1946-47 വർഷം ഡോക്ടറേറ്റ് നേടുകയും ചെയ്തു.

രണ്ടാം ലോകമഹായുദ്ധത്തിന്റെ കെടുതികൾ അനുഭവിച്ചിരുന്ന കാലഘട്ടം... പരസ്പരം സഹോദരങ്ങളായി വർത്തിക്കേണ്ട ഏകപിതാവായ ദൈവത്തിന്റെ മക്കൾ അക്രമത്തിന്റെയും കൊലപാതകങ്ങളുടെയും വെറുപ്പിന്റെയും ഭീകരാന്തരീക്ഷം സൃഷ്ടിക്കുന്നത് ഫാ. വില്യമിന്റെ ജീവിതത്തെ പിടിച്ചുകുലുക്കി. മനുഷ്യനിൽ പ്രതീക്ഷയും സാഹോദര്യവും നന്മയും പടുത്തുയർത്തു





വാൻ അദ്ദേഹം തീവ്രമായി ആഗ്രഹിച്ചു. ഈ കാലഘട്ടത്തിൽ 'കാത്തലിക് ആക്ഷൻ' എന്ന സംഘടനയുടെ ഡയറക്ടർ ആയി അദ്ദേഹം നിയമിക്കപ്പെട്ടു. ജനങ്ങളുടെ ആദ്ധ്യാത്മികോന്നമനത്തിനായി നീണ്ട മണിക്കൂറുകൾ അദ്ദേഹം കുമ്പസാരക്കൂട്ടിൽ ചിലവഴിച്ചു.1946 ൽ റോമൻ വികാരിയാത്തോയിൽ നീതിന്യായക്കോടതിയുടെ പ്രൊമോട്ടർ ആയും വൈദികരുടെ ഡിസിപ്ലിനറി ഓഫീസ് ഡയറക്ടർ ആയും നിയമിതനായി.

എല്ലാവരും വിശുദ്ധരാകാൻ വിളിക്കപ്പെട്ടിരിക്കുന്നു എന്ന സന്ദേശം മാനവകുലത്തെ മുഴുവൻ അറിയിക്കുക എന്ന ലക്ഷ്യത്തോടെ, തന്റെ ആദ്ധ്യാത്മിക ഉപദേശം നേടിവളർന്ന ഒരുകൂട്ടം ആളുകളെകൂട്ടി, 1947 മെയ് 1 ന് 'പ്രോസാങ്ടിറ്റി ഗ്രൂപ്പി'ന് ഫാ. വില്യം ജന്മംകൊടുത്തു. 1949 ൽ റോമിലെ 'മദോണ്ണ ദി ലൊറേത്തോ' എന്ന ഇടവകയുടെ വികാരിയായി നിയമിക്കപ്പെട്ടു. 1950 ആയപ്പോഴേയ്ക്കും 'പ്രോസാങ്ടിറ്റി ഗ്രൂപ്പ്' ഒരു ഓർഗനൈസേഷനായി രൂപം പ്രാപിച്ചു. വിശുദ്ധിക്കുവേണ്ടിയുള്ള ഈ പ്രസ്ഥാനത്തിന്റെ ജീവനാഡിയായി പ്രവർത്തിക്കാൻ സമർപ്പിതരായ ആത്മാക്കൾ ആവശ്യമാണെന്നു മനസ്സിലാക്കിയ അദ്ദേഹം 1950 മെയ് 1 ന് ഏതാനും യുവതികളെ ചേർത്ത് 'അപ്പസ്തോലിക് ഒബ്ലേറ്റ്സ്' എന്ന പേരിൽ ഒരു സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിന് ജന്മംകൊടുത്തു.

'വിശുദ്ധിയിലേക്കുള്ള സാർവത്രികവിളി' മനുഷ്യന്റെ അടിസ്ഥാനവിളിയാണെന്ന് തിരിച്ചറിഞ്ഞ അദ്ദേഹം ഈ ആശയം നിരവധി ധ്യാനപ്രസംഗങ്ങളിലൂടെയും ലിഖിതങ്ങളിലൂടെയും പങ്കുവച്ചു. 1957 ജൂൺ 30 ന് 'വിശുദ്ധിയിലേക്കുള്ള സാർവത്രികവിളിദിനം' ആദ്യമായി ആഘോഷിച്ചു. 1960 ഫെബ്രുവരി 2 ന് 'പ്രോസാങ്ടിറ്റി ഗ്രൂപ്പി'നെ ഒരു മൂവ്മെന്റ് ആയി സഭ അംഗീകരിച്ചു. 'പ്രോസാങ്ടിറ്റി മൂവ്മെന്റി'ന്റെ ഒരു സംരംഭമായിരുന്ന 'Segnaltore Ascetico' എന്ന മാസിക വിശുദ്ധിയിലേക്കുള്ള സാർവത്രികവിളിയെ പ്രതിപാദിച്ചുകൊണ്ട് ഒരു വിശേഷാൽപ്രതി പ്രസിദ്ധീകരിച്ചിരുന്നു. അതിന്റെ കോപ്പി രണ്ടാം വത്തിക്കാൻ കൗൺസിലിൽ സംബന്ധിച്ചിരുന്ന എല്ലാ പിതാക്കന്മാർക്കും കൊടുക്കുകയുണ്ടായി. 'എല്ലാവരും വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു' എന്ന ഫാ. വില്യമിന്റെ സന്ദേശം സഭാതലത്തിലും അരക്കിട്ടുറപ്പിച്ചുകൊണ്ട് 1964 നവംബർ 2 ന് അംഗീകരിച്ച രണ്ടാം വത്തിക്കാൻ കൗൺസിൽ ഡിക്രിയിലെ 'തിരുസ്സഭ' എന്ന പ്രമാണരേഖയിലെ അഞ്ചാം അദ്ധ്യായം മുഴുവൻ വിശുദ്ധിയിലേക്കുള്ള വിളിയെ പ്രതിപാദിക്കുന്നതായിരുന്നു.


അപ്പസ്തോലിക് ഒബ്ലേറ്റ്സ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടും പ്രോസാങ്ടിറ്റി മൂവ്മെന്റും ഇറ്റലിയുടെ വിവിധ ഭാഗങ്ങളിലേക്കും അമേരിക്ക, ബെൽജിയം എന്നീ രാജ്യങ്ങളിലേക്കും വ്യാപിച്ചു. വൈദികകൂട്ടായ്മയും വിശുദ്ധിയും ലക്ഷ്യംവച്ചുകൊണ്ട് ഇടവകവൈദികർക്കായി 1963 ൽ 'അപ്പസ്തോലിക് സൊദാലെസ്' എന്ന ഇൻസ്റ്റിറ്റ്യൂട്ടും ഫാ. വില്യം സ്ഥാപിച്ചു.

1968 നവംബർ 1 ന് സകല വിശുദ്ധരുടെയും തിരുനാൾദിനത്തിൽ ഫാ. വില്യം മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടു. റോമിലെ 'തീവൊളി' രൂപതയുടെ മെത്രാനായിട്ടാണ് ബിഷപ് വില്യം ജക്വീൻതാ സ്ഥാനമേറ്റത്. 'Duc in Altum' - 'ആഴത്തിലേക്കു വലയിറക്കുക' എന്നു മുദ്രണംചെയ്ത തന്റെ സ്ഥാനികചിഹ്നത്തിലെ ആശയങ്ങൾ ജീവിതംകൊണ്ട് അദ്ദേഹം പ്രാവർത്തികമാക്കി. തന്റെ അജപാലനശുശ്രൂഷകൾക്കിടയിൽ മറ്റ് ഉത്തരവാദിത്വങ്ങളും അദ്ദേഹത്തിന് ഏല്പിക്കപ്പെട്ടു. വൈദികരുടെ കമ്മീഷൻ പ്രസിഡന്റായും സേവനമനുഷ്ഠിച്ചു. ഇതിനിടയിൽ നിരവധി പ്രസംഗങ്ങളും പ്രഭാഷണങ്ങളും ധ്യാനങ്ങളും നടത്തുകയും നിരവധി ആദ്ധ്യാത്മികഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്തു.

1969 മാർച്ച് 25 ന് സാമൂഹ്യസാഹോദര്യവും വിശുദ്ധിയും സാമൂഹ്യതലങ്ങളിൽ പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി അൽമായപുരുഷന്മാർക്കായി 'സോഷ്യൽ ആനിമേറ്റേഴ്സ്' എന്ന സഭാത്മകഗ്രൂപ്പിനും അദ്ദേഹം രൂപംകൊടുത്തു.

**തീവൊളിരൂപതയുടെ തേജസ്സ് ഭാരതമണ്ണിലും**

ആർഷഭാരതസംസ്കാരത്തെ ഏറെ വിസ്മയത്തോടെ അടുത്തറിയാൻ ശ്രമിച്ച ജക്വീൻതാപിതാവ് ചങ്ങനാശ്ശേരി ആർച്ചുബിഷപ്പായിരുന്ന അഭി. മാർ ആന്റണി പടിയറപിതാവിന്റെ ക്ഷണം സ്വീക



രിച്ച് 1973 ജനുവരിയിൽ ചങ്ങനാശ്ശേരിയിലെത്തുകയും അപ്പസ്തോലിക് ഒബ്ലേറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ടിന് ഇവിടെ വേദിയൊരുക്കുകയും ചെയ്തു. 1975 ൽ അപ്പസ്തോലിക് ഒബ്ലേറ്റ്സിന്റെ പ്രഥമഭവനം കോട്ടയത്ത് ആരംഭിച്ചു. അതിനോടനുബന്ധിച്ചു നിർമ്മിച്ച സ്പിരിച്ചാലിറ്റി സെന്റർ 1978 ൽ കേരളത്തിലെ വിവിധ മെത്രാന്മാരുടെ സാന്നിദ്ധ്യത്തിൽ ജകബീൻതാപിതാവ് ആശീർവദിച്ചു. പിതാവു സ്ഥാപിച്ച മറ്റു രണ്ട് ഇൻസ്റ്റിറ്റ്യൂട്ടുകളായ അപ്പസ്തോലിക് സൊദാലെസും സോഷ്യൽ ആനിമേറ്റേഴ്സും 1979 മുതൽ കേരളത്തിലും പ്രവർത്തിച്ചുവരുന്നു. 'പരമാവധി സ്നേഹത്തിന്റെ പ്രേഷിതകുടുംബം' എന്നറിയപ്പെടുന്ന ഈ മൂന്ന് ഇൻസ്റ്റിറ്റ്യൂട്ടുകൾ ഇന്ത്യയിൽ ചങ്ങനാശ്ശേരി, കാഞ്ഞിരപ്പള്ളി, പാലാ, തലശ്ശേരി, കല്യാൺ, ഇരിഞ്ഞാലക്കുട തുടങ്ങിയ രൂപതകളിൽ വിശുദ്ധിയുടെ പ്രേഷിതത്വം നിർവഹിച്ചുകൊണ്ടിരിക്കുന്നു. 1985 ഏപ്രിൽ 1 ന് മല്പാൻ ബഹു. മാത്യു വെള്ളാനിക്കലച്ചനെ ഇന്ത്യയിലെ 'പരമാവധിസ്നേഹത്തിന്റെ പ്രേഷിതകുടുംബ'ത്തിന്റെ ഡയറക്ടറായി അഭിവന്ദ്യ വില്യം ജകബീൻതാപിതാവ് നിയമിച്ചു.

**ദൈവസ്നേഹപ്രവാചകൻ**

1983 ൽ വില്യം ജകബീൻതാപിതാവിന്റെ മെത്രാഭിഷേകത്തിന്റെ 15-ാം വാർഷികത്തിൽ തീവൊളിരൂപത പ്രകാശനം ചെയ്ത സോവനീയറിൽ പിതാവിനെക്കുറിച്ച് ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു: "15 വർഷക്കാലം തീവൊളിരൂപതയ്ക്ക് വിശുദ്ധനായ ഒരു മെത്രാനെ ലഭിച്ചു... ലാളിത്യവും എളിമയും നിറഞ്ഞ ഒരു നല്ല പിതാവ്, നല്ല ഇടയൻ, മെത്രാൻ, മിശിഹായ്ക്കും ദൈവജനത്തിനുംവേണ്ടി മാധുര്യത്തോടെ സമർപ്പിച്ചവൻ, അധരങ്ങളിൽ സദാ പുഞ്ചിരിയും ആരെയും ആകർഷിക്കുന്ന വ്യക്തിത്വവുമുള്ളവൻ, എല്ലാവർക്കും സംലഭ്യൻ, വിശ്വാസത്തിന്റെ ധൈര്യത്തിന് അനുദിനജീവിതത്തിലൂടെ സാക്ഷ്യം നല്കിയവൻ, പരമാവധിസ്നേഹത്തിന്റെ-വിശുദ്ധിയുടെ പ്രവാചകൻ..."

1986 നവംബർ 1 ന് അനാരോഗ്യംനിമിത്തം തീവൊളിരൂപതയിൽനിന്നും വിരമിക്കുന്നതിനുള്ള കത്ത് ജകബീൻതാപിതാവ് അധികാരികൾക്കു നല്കി. 1987 ഡിസംബർ 25 ന് തീവൊളിരൂപതയോടു വിടപറഞ്ഞു. റോമിലെ 'ലാർഗോ ആർബെ'യിൽ തന്റെ ആദ്ധ്യാത്മികമക്കളായ അപ്പസ്തോലിക് ഒബ്ലേറ്റ്സിന്റെ മാതൃഭവനത്തിൽ ശിഷ്ടകാലം ചെലവഴിച്ചു. അനുദിനം ഗുരുതരാവസ്ഥയിലേക്കു നീങ്ങിക്കൊണ്ടിരുന്ന തന്റെ രോഗത്തെ ശാന്തതയോടും ക്ഷമയോടും സ്വർഗത്തെ ഉറ്റുനോക്കുന്ന കണ്ണുകളോടുംകൂടെ അദ്ദേഹം അഭിമുഖീകരിച്ചു. 1994 ജൂൺ 15 ന് നിത്യവിശ്രമത്തിനായി അദ്ദേഹം യാത്രയായി. 2005 മാർച്ച് 27 ന് വിശുദ്ധിയുടെ ആ ദിവ്യതേജസ്സിനെ തിരുസ്സഭ ദൈവദാസനായി പ്രഖ്യാപിച്ചു. "സ്നേഹിച്ചുകൊണ്ടു മാത്രമേ പടുത്തുയർത്താനാവൂ" എന്ന പിതൃമൊഴി നെഞ്ചോടുചേർത്തുവയ്ക്കുമ്പോൾ "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ" എന്ന ഈശോനാഥന്റെ തിരുസന്ദേശം നമ്മിൽ ജീവിക്കുകയാണ്.

**ശ്ലീഹാക്കാലം**

**ഉയിർപ്പുഞായറിനുശേഷം 50-ാം ദിവസം വരുന്ന പന്തക്കുസ്താ തിരുനാളിനോടു കൂടി ശ്ലീഹാക്കാലം ആരംഭിക്കുന്നു. പന്തക്കുസ്താദിനത്തിൽ ശ്ലീഹന്മാരുടെമേൽ പരിശുദ്ധാത്മാവ് എഴുന്നള്ളിവരികയും, ഭയത്തിലും നിരാശയിലും കഴിഞ്ഞിരുന്ന അവരെ ധൈര്യപ്പെടുത്തുകയും ചെയ്തു. പരിശുദ്ധാത്മാവിൽ ശക്തി പ്രാപിച്ച് മിശിഹായുടെ പ്രേഷിതരായി ലോകം മുഴുവനും പ്രസംഗിച്ച ശ്ലീഹന്മാരുടെ മാതൃകയാണ് ശ്ലീഹാക്കാലത്തിൽ തിരുസഭാമാതാവ് നമ്മുടെ ചിന്തയ്ക്ക് വിഷയമാക്കുന്നത്.**







# സെനക്കിൾ ആദ്ധ്യാത്മികത




**ഡോ. ജോസഫ് ചാലാശ്ശേരി**
നാഷണൽ മേജർ ഫാദർ
അപ്പസ്തോലിക് സൊദാലെസ്

ജന്മശതാബ്ദി ആഘോഷിക്കുന്ന ബിഷപ് വില്യം ജകബീൻതാപിതാവിനാൽ സ്ഥാപിതമായ അപ്പസ്തോലിക് സൊദാലെസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആദ്ധ്യാത്മികത, സെനക്കിൾ ആദ്ധ്യാത്മികതയാണ്. ഈശോയുടെ പരമാവധി സ്നേഹം വെളിപ്പെടുത്തപ്പെട്ട സെനക്കിൾ അനുഭവത്തിൽ നിറഞ്ഞുജീവിക്കുന്നതാണ് സെനക്കിൾ ആദ്ധ്യാത്മികത. എല്ലാ മനുഷ്യർക്കും സ്വന്തമാക്കാൻ കഴിയുന്നതാണീ ആദ്ധ്യാത്മികത.

എല്ലാ മനുഷ്യരും ആഗ്രഹിക്കുന്നതും അന്വേഷിക്കുന്നതും സ്നേഹമാണ്. സ്നേഹിക്കാനും സ്നേഹിക്കപ്പെടാനുംവേണ്ടിയാണ് മനുഷ്യരെല്ലാം സൃഷ്ടിക്കപ്പെട്ടിരിക്കുക. സ്നേഹത്തിനുവേണ്ടിയുള്ള ഈ ദാഹം ശമിപ്പിക്കുവാൻ എല്ലാവരും ശ്രമിക്കുന്നത് മാനുഷികസ്നേഹം തേടിയാണ്. പക്ഷേ, മാനുഷികസ്നേഹത്തിന്റെ പ്രത്യേകത: അത് നശ്വരമാണ്, തീർന്നുപോകുന്നതാണ്, ഏതു സമയവും നഷ്ടപ്പെടാവുന്നതാണ്. തെറ്റുധാരണകൾമൂലമോ മരണംമൂലമോ നിസ്സാരമായ കാരണങ്ങൾവഴിയോ മനുഷ്യസ്നേഹം നഷ്ടപ്പെടാം. ഒരിക്കലും തീരാത്തതും നഷ്ടപ്പെടാത്തതുമായ നാല് സ്നേഹത്തിന്റെ വെളിപ്പെടുത്തലാണ് സെനക്കിളിൽ ഈശോ നടത്തിയത്. ആ നാലു സ്നേഹാനുഭ

**പരസ്നേഹത്തിന്റെ പരമവും പ്രധാനവുമായ ശത്രു സ്വാർത്ഥതയാണ്.**



വവും ഉൾക്കൊണ്ട്, ആ സ്നേഹപ്രവാഹത്തിന്റെ ഭാഗമായിത്തീരുമ്പോൾ സെനക്കിൾ ആദ്ധ്യാത്മികത ജീവിക്കുന്നവരായി നാം മാറും.

**1. പിതാവായ ദൈവത്തിന്റെ സ്നേഹം**

ദൈവത്തെ "പിതാവേ" എന്നു വിളിക്കുവാൻ പഠിപ്പിച്ച ഈശോ, ഒരിക്കലും നമുക്ക് നഷ്ടപ്പെടാത്ത സ്നേഹത്തിന്റെ ഉറവിടമായിട്ടാണ് പിതാവിനെ നമുക്കു വെളിപ്പെടുത്തിത്തരിക. ദൈവത്തിന്റെ സ്നേഹം മനുഷ്യബുദ്ധിക്ക് ഗ്രഹിക്കുവാനോ അളക്കുവാനോ കഴിയുന്നതിനപ്പുറമാണ്. പിതാവിന്റെ സ്നേഹത്തെക്കുറിച്ച് യോഹന്നാൻശ്ലീഹാ പറയുന്നത്, "തന്റെ ഏകജാതനെ നല്കുവാൻ തക്കവിധം ദൈവം ലോകത്തെ (നമ്മെ ഓരോരുത്തരേയും) അത്രമാത്രം സ്നേഹിച്ചുവെന്നാണ് (യോഹ 3,16). ഈശോയെ നമ്മുടെ രക്ഷയ്ക്കായി നല്കാൻ തക്കവണ്ണം സ്നേഹിച്ചുവെന്നു പറയുമ്പോൾ പിതാവ് തന്റെ പുത്രനെപ്പോലെതന്നെ നമ്മെയും സ്നേഹിച്ചുവെന്നാണല്ലോ. നമ്മുടെ കൈവിരലിന്റെ അടയാളം, തലമുടിനാര്, സ്വരം, DNA എന്നിവവഴി ലോകത്തിലുള്ള കോടിക്കണക്കിന് മനുഷ്യരിൽനിന്ന് നമ്മെ തിരിച്ചറിയുവാൻ കഴിയുമെന്നതിന്റെ അർത്ഥം ഗ്രഹിച്ചാൽ ദൈവപിതാവിന് നമ്മോടോരോരുത്തരോടുമുള്ള സ്നേഹത്തിന്റെ വലിപ്പം നമുക്ക് ആസ്വദിക്കാൻ കഴിയും. നമ്മെ സൃഷ്ടിച്ച പിതാവ് അതുപോലെ മറ്റൊരാളെ സൃഷ്ടിച്ചിട്ടില്ല എന്നാണ് അത് വ്യക്തമാക്കുക. നാം പിതാവിന്റെ മുമ്പിൽ അത്രമാത്രം മൂല്യമുള്ളവരും വിലയുള്ളവരും പ്രിയപ്പെട്ടവരും വ്യതിരിക്തതയുള്ളവരുമാണ്. എല്ലാ മാനുഷിക സ്നേഹങ്ങളും നഷ്ടപ്പെട്ട് - അമ്മയുടെ, സഹോദരന്റെ, കൂട്ടുകാരുടെ, മുതലാളിയുടെ, നാട്ടുകാരുടെയൊക്കെ സ്നേഹം ലഭിക്കാതെ പണവും ആരോഗ്യവും മാനവും നഷ്ടപ്പെട്ട് പന്നിക്കുഴിയിൽ പന്നികളോടൊപ്പം കഴിയുമ്പോഴും ധൂർത്തപുത്രന് നഷ്ടപ്പെടാതിരുന്ന ഏക സ്നേഹമായിട്ടാണ് പിതാവായ ദൈവത്തിന്റെ സ്നേഹം ധൂർത്തപുത്രന്റെ ഉപമയിലൂടെ ഈശോ വരച്ചുകാട്ടുക. സ്നേഹത്തിന്റെ ഈ കവിഞ്ഞൊഴുകൽ ആസ്വദിക്കാൻ കഴിയുകയാണ് സെനക്കിൾ ആദ്ധ്യാത്മികതയുടെ ഒന്നാമത്തെ പടി.

**2. രക്ഷകനായ ഈശോയുടെ സ്നേഹം**

സെനക്കിളിൽനിന്ന് നമ്മുടെ ഹൃദയങ്ങളിലേക്ക് ഒഴുകിയെത്തുന്ന രണ്ടാമത്തെ സ്നേഹപ്രവാഹം രക്ഷകനായ ഈശോയുടെ സ്നേഹമാണ്. നമ്മെ രക്ഷിക്കാനായി പാടുപീഡകൾ സഹിച്ച്, മരിച്ച്, മരണത്തെ ജയിച്ച്, ഉത്ഥിതനായ മിശിഹാ നമ്മോടുള്ള അനന്തസ്നേഹത്താൽ നമ്മോടുകൂടെ എന്നും വസിക്കുന്നതിനായി ജീവന്റെ അപ്പമായിത്തീർന്നു. സ്വന്തം ശരീരവും രക്തവും നമുക്കു ഭക്ഷണപാനീയങ്ങളായി തന്ന് നമ്മുടെ ഉള്ളിന്റെ ഉള്ളിൽ അവിടുന്നു വാസമുറപ്പിക്കുന്നു. നമുക്കു മാത്രമേ നമ്മുടെ ഉള്ളിൽ വസിക്കുന്ന രക്ഷകനെയും നമ്മെയും തമ്മിൽ വേർപെടുത്താൻ സാധിക്കൂ. നാം സ്വയം നഷ്ടപ്പെടുത്തുന്നില്ലെങ്കിൽ ഒരിക്കലും നഷ്ടപ്പെടാത്ത സ്നേഹമായിത്തീരുന്ന ആ സ്നേഹത്തിന്റെ ആസ്വാദനവും പങ്കുവയ്ക്കലുമാണ് സെനക്കിൾ ആദ്ധ്യാത്മികതയുടെ രണ്ടാമത്തെ പടി.

**3. നിത്യസഹായകനായ പരിശുദ്ധാത്മാവിന്റെ സ്നേഹം**

പിതാവിന്റെയും പുത്രന്റെയും സ്നേഹം നമ്മിലേക്ക് ചൊരിയപ്പെടുന്നത് നമുക്കു നല്കപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിലൂടെയാണ് (റോമാ 5,5). പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നാം മാമ്മോദീസാ സ്വീകരിച്ച നിമിഷം മുതൽ നമ്മിൽ വസിച്ചുകൊണ്ട് പരിശുദ്ധാത്മാവ് നമ്മെ ദൈവപുത്രരും സ്വർഗത്തിലെ പൗരന്മാരും അമർത്യരുമാക്കിത്തീർക്കുന്നു. പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യത്തെക്കുറിച്ചുള്ള അവബോധമുണ്ടായിരിക്കുകയും ആ സാന്നിദ്ധ്യം നമ്മിലുളവാക്കേണ്ട ഫലങ്ങളായ സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം (ഗലാ 5,22) എന്നിവ പുറപ്പെടുത്തുകയും ചെയ്യുമ്പോൾ സെനക്കിൾ ആദ്ധ്യാത്മികത നാം ജീവിക്കുകയായി. അപ്പോൾ സെനക്കിൾ ആദ്ധ്യാത്മികതയുടെ പൂർണ്ണതയിലേക്ക് നാം എത്തിച്ചേരുകയും ചെയ്യും.

**സഭയാകുന്ന അമ്മയുടെ സ്നേഹം**

മൂന്ന് അമ്മമാരുടെ സ്നേഹത്താൽ സമ്പന്നമാക്കപ്പെട്ടതാണ് നമ്മുടെ ജീവിതം. ഒന്നാമത്തെ








**സ്നേഹം ധാരണയിലൂടെ, മാധുര്യത്തിലൂടെ, ക്ഷമയിലൂടെ, ഔദാര്യത്തിലൂടെയാണ് നിർമ്മിക്കപ്പെടുന്നത്.**

സ്നേഹം പെറ്റമ്മയുടേതാണ്. നമ്മെ പത്തുമാസം ഉദരത്തിൽവഹിച്ച്, ഈറ്റുനോവനുഭവിച്ച് ഈ ലോകത്തിലേക്ക് ജന്മംനല്കി, നമ്മെ മുലയൂട്ടി വളർത്തി വലുതാക്കുന്ന പെറ്റമ്മയുടെ സ്നേഹം ആവോളമാസ്വദിക്കുന്ന സ്ഥലമാണ് നമ്മുടെ ഓരോരുത്തരുടെയും കുടുംബങ്ങൾ. ആ അമ്മയുടെ സ്നേഹവും പരിലാളനയും പ്രോത്സാഹനവുമാണ് നമ്മുടെ ജീവിതത്തിന്റെ അടിത്തറ പാകിയത് എന്നത് നമുക്കു മറക്കാതിരിക്കാം. രണ്ടാമത്തെ അമ്മ ഈശോ നമുക്കു തന്ന പരിശുദ്ധ അമ്മയാണ്. തന്റെ അമ്മയെ ഈശോ നമുക്ക് അമ്മയായി നല്കിയത് പെറ്റമ്മമാർ നല്കുന്ന സ്നേഹത്തിലെ കുറവുകളെല്ലാം പരിഹരിക്കപ്പെടാനാണ്. നമ്മുടെ മനസ്സും ഹൃദയവുമൊരുക്കിയാൽ പരിശുദ്ധ അമ്മയുടെ സ്നേഹവും പരിപാലനവും ലോകത്തിൽ ഏതു മുക്കിലും മൂലയിലും നമുക്ക് അനുഭവിക്കുവാനും ആസ്വദിക്കുവാനും കഴിയും. സഭയാകുന്ന മൂന്നാമത്തെ അമ്മയുടെ സ്നേഹമാണ് സെനക്കിൾ ആദ്ധ്യാത്മികത നമ്മിൽ നിറയ്ക്കുകയും പരിപോഷിപ്പിക്കുകയും നിലനിർത്തുകയും ചെയ്യുന്നതിന് സഹായിക്കുക. പ്രായോഗികമായി സഭയാകുന്ന അമ്മയുടെ സ്നേഹം നാം അനുഭവിച്ചു വളരേണ്ട സ്ഥലമാണ് നമ്മുടെ ഓരോരുത്തരുടെയും ഇടവകയാകുന്ന ദൈവാലയങ്ങൾ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും സ്നേഹം നമുക്കു പങ്കുവച്ചു തരുന്ന സഭയാകുന്ന അമ്മയുടെ സ്നേഹം നാം അനുഭവിക്കുന്ന ഇടവകകൂട്ടായ്മയെ സ്വന്തം അമ്മയായി കണ്ടു സ്നേഹിക്കുവാൻ നമ്മിൽ പലരും ഇനിയും ഏറെ ആദ്ധ്യാത്മികമായി വളരേണ്ടതുണ്ട്. ഏറെ പണംമുടക്കി സ്വന്തമെന്നു കരുതി പണിതുയർത്തുന്ന കെട്ടിടത്തെ 'എന്റെ വീട്' എന്നു കരുതി നാമൊക്കെ താമസിക്കുന്നുണ്ടെങ്കിലും സ്വശരീരത്തിൽനിന്ന് ആത്മാവെടുക്കപ്പെട്ടാൽ ജീവനില്ലാത്ത ശരീരത്തെ ആ വീടിനുപോലും വേണ്ടാതാകുമെന്നും അപ്പോഴും ഇടവകസമൂഹമാകുന്ന (സഭ) അമ്മയാണ് ജീവനറ്റ ആ ശരീരത്തെ പൂജ്യാവശിഷ്ടംപോലെ അണിയിച്ചൊരുക്കി തന്റെ മടിത്തട്ടായ സെമിത്തേരിയിൽ ലോകാവസാനം വരെ കാത്തുസൂക്ഷിക്കുന്നതെന്നും നാം ഓർക്കേണ്ടതുണ്ട്. ആ ഓർമ്മ ഇടവകയോടും ഇടവകയിലെ ഓരോ മണൽത്തരിയോടും വൈകാരികമായ ഒരു ബന്ധം പുലർത്തുവാൻ നമുക്ക് സഹായകമാകും. മാമ്മോദീസാതൊട്ടിയാകുന്ന തന്റെ ഗർഭപാത്രത്തിലൂടെ ഇടവകയാകുന്ന സഭാകുടുംബത്തിലേക്ക് ജന്മംനല്കുന്ന ഇടവകയാകുന്ന അമ്മ നമ്മുടെ ആത്മാവിന്റെ പ്രാധാന്യം മനസ്സിലാക്കി നിത്യജീവന്റെ ഭക്ഷണമായ ഈശോയുടെ ശരീരവും രക്തവും (പരി. കുർബാന) നമുക്കു പങ്കുവച്ചുതരുന്നു. കൂടാതെ വചനമാകുന്ന ഭക്ഷണവും ആ അമ്മ നമുക്കു നല്കുന്നത് സ്നേഹമുള്ള മക്കളായി സ്വീകരിച്ചു വളർന്നാൽ ഈ ലോകത്തിലെ എല്ലാ കെണികളിലും ദുരിതങ്ങളിലുംനിന്ന് രക്ഷപെട്ട്, ദൈവസ്നേഹം അതിന്റെ പൂർണ്ണതയിൽ ആസ്വദിച്ച്, സെനക്കിൾ ആദ്ധ്യാത്മികതയുടെ ഫലംചൂടി നില്ക്കുന്ന മക്കളായി പ്രശോഭിക്കാതിരിക്കാൻ ആർക്കു കഴിയും?

ഈ വലിയ ആദ്ധ്യാത്മികസമ്പത്തിനെക്കുറിച്ച് അജ്ഞരായോ അവഗണിച്ചോ ഭൗതികസമ്പത്തിന്റെ പിന്നാലെ പരക്കംപായുന്നവരാണ് ഇന്ന് അധികവും. ജീവിക്കുവാൻവേണ്ടിയുള്ള നെട്ടോട്ടത്തിൽ, ഭൗതികതയുടെ അതിപ്രസരത്തിൽ ആത്മീയതയും ആത്മാവും നിത്യജീവനും കൈമോശം വരുന്നത് പലരും മനസ്സിലാക്കുന്നുമില്ല. ജോലി തേടി പ്രവാസികളായി പോകേണ്ടിവന്നാലും മേല്പറഞ്ഞ നാലു സ്നേഹം നഷ്ടപ്പെടുത്താതെ, ചെല്ലുന്ന സ്ഥലങ്ങളിൽ ആ സ്നേഹത്തിന്റെ പരിമളംപരത്തുന്ന വ്യക്തിത്വങ്ങൾക്കുടമകളാകാൻ കഴിഞ്ഞാൽ നാം ലോകത്തിലെ യഥാർത്ഥപ്രേഷിതരായി പ്രശോഭിക്കുകയും ചെയ്യും. ആദ്ധ്യാത്മികതയും സ്നേഹവുമൊക്കെ സ്വന്തമായി സൂക്ഷിക്കുവാനുള്ളതല്ല, പ്രത്യുത, അവ സ്വഭാവേന പങ്കുവയ്ക്കപ്പെടേണ്ടതും അപ്രകാരം പൂർണ്ണത പ്രാപിക്കേണ്ടതുമത്രേ! ഇപ്രകാരമൊരു ആദ്ധ്യാത്മികതയുടെ പ്രേഷിതനായ വില്യം ജക്വീൻതാപിതാവിന്റെ ജന്മശതാബ്ദിവർഷത്തിൽ അനേകർ ഈ പ്രേഷിതത്വത്തിൽ ധന്യരാകട്ടെയെന്ന് ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.



# പുണ്യങ്ങളുടെ വിളനിലമായ ജക്വീൻതാപിതാവ്





**റോസമ്മ കുന്നേൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**വി**ശുദ്ധജീവിതങ്ങൾ പുണ്യങ്ങളുടെ വിളനിലമാണ്. ദൈവദാസൻ വില്യം ജക്വീൻതാപിതാവും ഏറെ സുകൃതങ്ങൾ നിറഞ്ഞ പുണ്യപുരുഷനായിരുന്നു. ചുരുങ്ങിയ താളുകളിൽ രേഖപ്പെടുത്താനാവാത്തവിധമുള്ള ആ ജീവിതപുണ്യങ്ങളുടെ തീരത്തുനിന്ന് ഒന്നെത്തിനോക്കാൻ മാത്രമേ ഞാൻ ഉദ്യമിക്കുന്നുള്ളു. ഏറ്റം ചുരുങ്ങിയ വാക്കുകളിൽ അതിനിവിടെ രൂപംകൊടുക്കട്ടെ!

-വില്യം ജനിച്ചുവളർന്നതും പൗരോഹിത്യജീവിതം പൂവണിഞ്ഞ് ഫലംചൂടിയതും ഒന്നും രണ്ടും ലോകമഹായുദ്ധകാലത്താണ്. മനുഷ്യഹൃദയങ്ങളിൽ ആളിക്കത്തിക്കൊണ്ടിരുന്ന വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും സ്വാർത്ഥതയുടെയും അഗ്നിയും, ദൈവത്തിന്റെ ഹൃദയത്തിൽ എരിഞ്ഞുകൊണ്ടിരുന്ന സ്നേഹാഗ്നിയും ചെറുപ്പംമുതലേ അദ്ദേഹം തിരിച്ചറിഞ്ഞിരുന്നു.

-സൈന്യാധിപനായ തന്റെ പിതാവിന്റെ ആത്മധൈര്യം പിതൃസ്വത്തായി ലഭിച്ചവൻ.

-എല്ലാവരും വിശുദ്ധരും എല്ലാവരും സഹോദരരുമായി ജീവിക്കുന്ന അവസ്ഥ സ്വപ്നം കണ്ടവൻ. അതിനായി അക്ഷീണം യത്നിച്ചവൻ.

-എളിമയെ ആഭരണമാക്കിയവൻ. ഹൃദയസ്വാതന്ത്ര്യത്തോടെ ആരോടും ക്ഷമചോദിക്കുവാനും നന്ദിയേകുവാനും അറിയാവുന്നവൻ. പലതിലും പ്രഗത്ഭനായിരുന്നെങ്കിലും ഏതെങ്കിലും വിധത്തിൽ പ്രാഗത്ഭ്യമുള്ളവനായി ഭാവിച്ചിരുന്നില്ല. "എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ" എന്നല്ലാതെ മറ്റൊന്നും ആരോടും ചോദിച്ചിരുന്നില്ല. എല്ലാറ്റിനും എല്ലാവരോടും നന്ദിയേകുന്നവൻ.

-ആദ്ധ്യാത്മികതയിൽ മുന്നേറിയ ആദ്ധ്യാത്മികനിയന്താവ്.

-സത്യത്തിനും നീതിക്കുമപ്പുറം സ്നേഹം എത്തണമെന്ന് ജീവിതംകൊണ്ട് പഠിപ്പിച്ചവൻ.

-ശക്തിയേറിയ, കാർക്കശ്യത നിറഞ്ഞ സ്വഭാവം മാധുര്യത്തിന്റെ, ലാളിത്യത്തിന്റെ തലത്തിലേക്ക് വളർത്തിയവൻ. കർക്കശത തന്നോടുതന്നെ വേണമെന്നും എന്നാൽ മറ്റുള്ളവരോട് കാരുണ്യം കാട്ടണമെന്നും ജീവിതത്തിലൂടെ കാണിച്ചവൻ.

-സമയം ദരിദ്രന്റെ നാണയത്തുട്ടാണെന്ന ബോദ്ധ്യത്തിൽ അതുമുഴുവൻ നന്മയ്ക്കായി ഉപയോഗിക്കണമെന്ന് നിർബന്ധമുള്ളവൻ.

-വളരെ കൃത്യനിഷ്ഠയുള്ളവൻ. തനിക്കുവേണ്ടി ആരേയും കാത്തുനിർത്താതെ, മറ്റുള്ളവർക്കുവേണ്ടി കാത്തുനില്ക്കുന്നവൻ.

-വഞ്ചിതനായാലും മറ്റുള്ളവരിൽ ശുഭാപ്തിവിശ്വാസം അർപ്പിച്ചിരുന്നവൻ.

-എല്ലാവരിലും, എത്രമാത്രം ക്രൂരകൃത്യം ചെയ്യുന്നവരായാലും അവരിലും, ദൈവികനന്മയുടെ അംശങ്ങളുണ്ടെന്നു വിശ്വസിക്കുകയും അത് കണ്ടെത്തി തേച്ചുമിനുക്കിയെടുക്കുന്നതാണ് പ്രേഷിതത്വം എന്നു കരുതി അതിനായി മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നവൻ.

-മനുഷ്യന്റെ മനഃസാക്ഷിരൂപീകരണത്തിന് ഏറെ പ്രാധാന്യം കല്പിച്ചിരുന്നവൻ... "നിന്റെ സഹോദരന് നീ എന്തുകൊടുക്കും? വിശപ്പിന് ഭക്ഷണമോ? തണുപ്പിനു പുതപ്പോ? നീ ഇവ കൊടുത്താലും അവനു വീണ്ടും വിശക്കുകയും തണുക്കുകയും ചെയ്യും. എന്നാൽ അവനാവശ്യം സ്നേഹമാണ്; ദൈവത്തെയാണ്. അതു നീ നല്കുക".

-ദൈവത്തിന്റെ ആരാധ്യമായ മനസ്സിന് സ്വന്തം ജീവിതം അടിയറവച്ചവൻ. സഹനത്തിന്റെ മദ്ധ്യേ അതേപ്പറ്റി ചോദിക്കുന്നവരോട് "കർത്താവ് ഇഷ്ടപ്പെടുന്നതുപോലെ" എന്നു മറുപടി പറഞ്ഞിരുന്നവൻ.

-സംസ്കാരസമ്പന്നതയും കുലീനത്വവും നിറഞ്ഞ പെരുമാറ്റം. എവിടെയും ഉയർന്നുനില്ക്കണമെന്ന ആഗ്രഹമോ നട്ടെല്ലില്ലാതെ കുനിഞ്ഞുകൂടി നില്ക്കുന്ന സ്വഭാവമോ അദ്ദേഹത്തിനില്ല. മുകളിലേക്കും താഴേക്കുമാടുന്ന ഊഞ്ഞാൽപോലെ ആകരുതെന്ന് മക്കളെ പഠിപ്പിച്ചവൻ.

-മിതഭാഷിയായിരുന്നു. മറ്റുള്ളവരെ ശ്രവിക്കുന്നതിൽ ശ്രദ്ധാലുവും സംലഭ്യനുമായിരുന്നവൻ.

-കുമ്പസാരക്കൂട് പ്രേഷിതവേദിയാക്കിയവൻ. അദ്ദേഹത്തിന്റെ ഔദ്യോഗിക ജോലിനിർവഹണത്തിനുശേഷം വിശ്രമം എന്തെന്നറിയാതെ ആത്മാക്കളെ ശ്രവിക്കുന്നതിനായി കുമ്പസാരക്കൂടിലണഞ്ഞിരുന്നവൻ.

-തന്റെ ജീവിതത്തിൽ പ്രാവർത്തികമാക്കാൻ സാധിക്കാത്തവ ഒരിക്കലും മറ്റുള്ളവരോടും ആവശ്യപ്പെടാത്തവൻ.

-'നീ ക്രമം പാലിക്കുക; ക്രമം നിന്നെ പാലിച്ചുകൊള്ളും' എന്നു വിശ്വസിച്ചുകൊണ്ട് അദ്ദേഹം ക്രമത്തെ സ്നേഹിച്ചു ജീവിച്ചു. ആന്തരികവും ബാഹ്യവുമായ ചെറിയ കാര്യങ്ങളിൽപോലും ക്രമം പാലിച്ചിരുന്നവൻ.

-അനുദിനകാര്യങ്ങളിൽ, പരസ്നേഹത്തിൽ വിശ്വസ്തനായിരുന്നു. ആരേയും ഒരിക്കലും പരിഹസിക്കാൻ തുനിഞ്ഞിട്ടില്ല. എപ്പോഴും അപരനിലെ നന്മ കാണുന്നവൻ.


-ദൈവത്തിന്റെ രക്ഷാകര ഉപകരണമായിരിക്കാൻ അതിയായി ആഗ്രഹിക്കുകയും അതിനായി ജീവിതം സമർപ്പിക്കുകയും നിരന്തരം പ്രാർത്ഥിക്കുകയും ചെയ്തവൻ.

-ദിവ്യകാരുണ്യ ആരാധകൻ: "ദിവ്യകാരുണ്യ ഈശോയേ, അങ്ങേ മുഖം എനിക്കു കാണിച്ചുതരണമേ, അവിടുത്തെ ഹൃദയം എനിക്കു വെളിപ്പെടുത്തിത്തരണമേ, പിതാവിനെ എനിക്കു കാണിച്ചുതരണമേ, പരിശുദ്ധാത്മാവിനെ എനിക്കു നല്കണമേ" എന്ന് നിരന്തരം പ്രാർത്ഥിച്ചിരുന്നവൻ.

-തികഞ്ഞ മരിയഭക്തൻ. അദ്ദേഹത്തിന്റെ പൗരോഹിത്യം ആരംഭിച്ചത് സ്ഥിരോത്സാഹത്തിന്റെ അമ്മയുടെ മടിത്തട്ടിലും വളർന്നു പക്വത പ്രാപിച്ചത് ആശ്രയമാതാവിന്റെ മടിത്തട്ടിലുമാണ്.

പിതൃമൊഴി

**സഹോദരന്റെ നേർക്കുള്ള സ്നേഹബന്ധത്തിന്റെ അടിസ്ഥാനം എളിമ എന്ന പുണ്യമാണ്.**



‘അവൻ പറയുന്നതു ചെയ്യുവിൻ’ എന്ന പരി. അമ്മയുടെ നിർദ്ദേശത്തിന് എപ്പോഴും കാതോർത്തവൻ.

–സഭയെ തന്റെ അമ്മയായികണ്ടു സ്നേഹിച്ചവൻ. സഭയ്ക്കു പുറത്തുനിന്ന് വിശുദ്ധനാകുന്നതിനെക്കാൾ സഭയോടുകൂടി തെറ്റുപറ്റുന്നതാണ് താൻ ഏറെ ഇഷ്ടപ്പെടുന്നതെന്ന് ജീവിതംകൊണ്ട് തെളിയിച്ചവൻ. സഭയുടെ പ്രബോധനങ്ങൾ ദൈവത്തിന്റേതായിക്കണ്ട് അവയെ ആദരിക്കുകയും പഠിക്കുകയും ജീവിതമാക്കുന്നതിന് ശ്രമിക്കുകയും മറ്റുള്ളവരെ പഠിപ്പിക്കുകയും ചെയ്തിരുന്നവൻ.

–എല്ലാ വ്യക്തിഗതസഭകളെയും ആദരിക്കുകയും അവയുടെ ശ്രേഷ്ഠത മനസ്സിലാക്കുകയും ചെയ്തവൻ.

–തന്നെ കേൾക്കുന്നവർ വഞ്ചിതരാകാൻ പാടില്ല; ദൈവം ആഗ്രഹിക്കുന്നത് അവർക്കു കൊടുക്കുന്നതാണ് തന്റെ കടമ എന്നുറച്ചു വിശ്വസിച്ചുകൊണ്ട് അതീവശ്രദ്ധയോടെ പ്രസംഗത്തിനും മറ്റും ഒരുങ്ങിയിരുന്നവൻ.

–അനുദിനബലിയർപ്പണം ഈശോയോടുകൂടി പിതാവിനെ കൂടിക്കാണുന്ന സമയമാണ്; അതിനായി നന്നായി ഒരുങ്ങണമെന്ന് പഠിപ്പിച്ചവൻ.

–സഭയുടെ ആരാധനക്രമപ്രാർത്ഥനകൾ ദൈവനിവേശിതമാണ്. അത് തോന്നുന്നതുപോലെ മാറ്റിമറിച്ചുചൊല്ലുവാൻ പാടില്ല എന്ന കാർക്കശ്യതയോടെ ജീവിച്ചവൻ.

–ദൈവത്തിനു തന്റെമേലുള്ള തെരഞ്ഞെടുപ്പിൽ ഉറച്ച ബോധ്യമുള്ളവൻ. ഒരു സംഭവം അതു വിശദമാക്കുന്നു. ആഴ്ചയിലൊരിക്കൽ പ്രിയപ്പെട്ട അമ്മ മുഷിഞ്ഞ തുണി കഴുകിത്തേച്ചുകൊണ്ടുവന്ന് കൊടുക്കാറുണ്ടായിരുന്നു. തുണിയുമായി വരുമ്പോൾ കളിസ്ഥലത്തുവച്ച് കണ്ടുമുട്ടുക പതിവായിരുന്നു. എന്നാൽ ഒരിക്കൽ അമ്മ വന്നപ്പോൾ മകനെ കണ്ടില്ല. മറ്റുള്ളവരിൽനിന്നും മകൻ അല്പം തിരക്കിലാണെന്നറിഞ്ഞ് അമ്മ കോപിച്ച് തിരിച്ചുപോകാൻ തുടങ്ങി. സ്ഥിതി വഷളാകുമെന്നു കണ്ട് റെക്ടറച്ചൻ മകനെ അമ്മയുടെ അടുത്തേക്കുവിട്ടു. എന്നാൽ മകൻ അമ്മയോടു പറഞ്ഞത് ‘ഇങ്ങനെയാണു ചെയ്യുന്നതെങ്കിൽ ഇനി ഇങ്ങോട്ടു വരണമെന്നില്ല’ എന്നാണ്.

–മനുഷ്യരെല്ലാവരും വിശുദ്ധരായിത്തീരണം എന്നത് ദൈവപിതാവിന്റെ ആഗ്രഹമായതിനാൽ അതു ലോകത്തിൽ സാധ്യമാക്കുന്നതിനുവേണ്ടി യത്നിക്കുവാൻ വിവിധങ്ങളായ സംരഭങ്ങൾക്ക് തുടക്കമിട്ടവൻ. അവയിൽ പ്രധാനപ്പെട്ടതാണ് പരമാവധിസ്നേഹത്തിന്റെ പ്രേഷിതകുടുംബത്തിന്റെ സ്ഥാപനം.

–ഇന്ത്യൻമക്കളെയും കേരളത്തെയും നമ്മുടെ സഭയെയും ഏറെ സ്നേഹിച്ച താതൻ. കേരളത്തെക്കുറിച്ച് അദ്ദേഹമെഴുതിയ കവിതയുടെ ആരംഭമിങ്ങനെ:

കേരനാടേ കേരളനാടേ
ഭാരതമുത്തേ കേരളമേ,
ഉയർന്നു നില്പൂ നിൻ സുതരിൽ നീ
വിശുദ്ധിതൻ അടയാളമായ്....

### ശ്ലീഹാക്കാലം

***പരിശുദ്ധാത്മാവിന്റെ ആവാസത്തിലൂടെ മിശിഹായുടെ പൗരോഹിത്യത്തിൽ പൂർണ്ണമായി പങ്കുപറ്റിക്കൊണ്ട് ശ്ലീഹന്മാരെല്ലാവരും ഒരു പുരോഹിതഗണമായിത്തീർന്നു. പുതിയ നിയമത്തിലെ ആദ്യത്തെ സഭാശ്രേഷ്ഠന്മാരായ അവർ വിവിധ സ്ഥലങ്ങളിൽ സഭയ്ക്ക് അടിസ്ഥാനമിട്ടു. ഡീക്കൻ, പുരോഹിതൻ, മെത്രാൻ എന്നിങ്ങനെ സഭയിൽ പൗരോഹിത്യത്തിന്റെ വിവിധ പദവികൾ നിശ്ചയിക്കപ്പെട്ടു.***



പിതൃമൊഴി

**സേവിക്കുക എന്നത് സ്നേഹത്തോടുകൂടിയ വിളിക്ക് സ്നേഹത്തോടെ നല്കുന്ന പ്രത്യുത്തരമാണ്.**



# വിശുദ്ധിയുടെ വിഹായസ്സിൽ വിളങ്ങുന്ന വെള്ളിനക്ഷത്രം




**എം. സി. ഇൽഡഫോൺസ്**
സോഷ്യൽ ആനിമേറ്റർ

അഭിവന്ദ്യ ബിഷപ് വില്യം ജക്വീൻതാപിതാവിന്റെ ജന്മശതാബ്ദി ആഘോഷിക്കുമ്പോൾ ചിന്തകളുണരുന്നത് അദ്ദേഹത്തിന്റെ ബഹുമുഖപ്രതിഭകളെക്കുറിച്ചാണ്.

അഭിവന്ദ്യ വില്യം ജക്വീൻതാപിതാവിനെ ഞാൻ ആദ്യം കാണുന്നത് 1976 ഡിസംബർ മാസത്തിലാണ്. അന്നദ്ദേഹം ‘തീവൊളി’ രൂപതയുടെ മെത്രാനാണ്. റോമിൽച്ചെന്ന ഞാൻ അവിടെ അപ്പസ്തോലിക് ഒബ്ലേറ്റ്സിന്റെ കീഴിലുള്ള ടൂറിസ്റ്റുഹോമിലായിരുന്നു താമസം. തീവൊളി രൂപതാമെത്രാൻ എന്നെ കാണാൻ ആഗ്രഹിക്കുന്നുവെന്ന് ഒബ്ലേറ്റ്സിന്റെ അന്നത്തെ സുപ്പീരിയർ ജനറൽ സി. ഫ്രാങ്ക സാൽവോ ഒരു ദിവസം എന്നെ അറിയിച്ചു. അദ്ദേഹത്തെ എനിക്കറിഞ്ഞുകൂടാ; കണ്ടിട്ടുമില്ല. പിന്നെ ഇതെങ്ങനെ സംഭവിച്ചു എന്നു ഞാനോർത്തു. എതായാലും സി. ഫ്രാങ്കയുമൊത്ത് നിശ്ചിതദിവസം, പറഞ്ഞിരുന്ന സമയമായ കൃത്യം 3 മണിക്കുതന്നെ തീവൊളിമെത്രാന്റെ ഭവനത്തിലെ ഗേറ്റിനുമുമ്പിലെത്തി. ളോവ ധരിച്ച ഒരു പുരോഹിതൻ വന്ന് ഗേറ്റുതുറന്നു. കാറിനരികെവന്ന് എന്നെ പുറത്തിറക്കാനായി കാറിന്റെ ഡോർ തുറന്നുതന്നതും അദ്ദേഹംതന്നെയാണ്. ഞാൻ പുറത്തിറങ്ങിയപ്പോൾ എന്നെ ആശ്ലേഷിച്ച് ഹസ്തദാനം ചെയ്തു. ഞങ്ങളെ അകത്തേക്കു ക്ഷണിച്ച് സ്വീകരണമുറിയിലിരുത്തി. മുഖത്തുവിരിഞ്ഞുനിന്ന സുസ്മേരതയും ചൈതന്യവും ഒരു ദിവ്യപ്രഭപോലെ വിളങ്ങിനിന്ന ആ പുരോഹിതൻ എന്തോ എടുക്കാനായി അകത്തേക്ക് പോയി. ഈ സമയം ഞാൻ സി. ഫ്രാങ്കയോട് “ബിഷപ് എവിടെ?” എന്നു ചോദിച്ചു. അപ്പോഴാണ് സിസ്റ്റർ പറയുക, “ഇദ്ദേഹമാണ് ബിഷപ്”. ഞാൻ അത്ഭുതപ്പെട്ടുപോയി!

ഹോ! എത്ര മഹോന്നതൻ, വിനീതൻ, സ്നേഹസമ്പന്നൻ, എളിമയുടെ ആൾരൂപം... അങ്ങനെ പലതും മനസ്സു മന്ത്രിച്ചുകൊണ്ടിരുന്നു. അദ്ദേഹം ഞങ്ങൾക്കു നല്കിയ ആഹാരപാനീയങ്ങൾ ആസ്വദിച്ചുകൊണ്ടിരിക്കുമ്പോൾ, ഇന്ത്യയിലെ പ്രത്യേകിച്ചു കേരളത്തിലെ ക്രൈസ്തവ ജീവിതം, ജീവിതശൈലികൾ, ഹൈന്ദവമതദർശ



നങ്ങൾ, മുസ്ലീംസഹോദരങ്ങളുടെ നിലപാടുകൾ, കല, സാഹിത്യം തുടങ്ങി അനേക വിഷയങ്ങൾ അദ്ദേഹത്തിന്റെ അന്വേഷണപരിധിയിൽ കടന്നുവന്നു. എന്റെ ചെറിയ അറിവിന്റെ ചെപ്പുതുറന്ന്, ഉള്ളതു ശുഷ്കമാണെങ്കിലും അതു പുറത്തെടുത്തു നിരത്തി. ഏതാണ്ട് ഒരു മണിക്കൂറിനുശേഷം ഞങ്ങൾ യാത്രയായി. ഞങ്ങളെ യാത്രയാക്കാൻ പിതാവും ഞങ്ങളോടൊപ്പമിറങ്ങി. അദ്ദേഹംതന്നെ ഗേറ്റും കാറിന്റെ ഡോറും തുറന്നുതന്നു. എന്നെ ഗാഢമായി ആശ്ലേഷിച്ച് തലയിൽ കൈവച്ച് അനുഗ്രഹിച്ചു. അദ്ദേഹത്തിന്റെ കരങ്ങൾ ചുംബിച്ച് ഹസ്തദാനവും സ്വീകരിച്ച് കാറിൽ കയറി. ഒലിവുമല ചെരിവുകൾ കടന്ന് ചുറ്റുമുള്ള പ്രകൃതിഭംഗിയുമാസ്വദിച്ച് റോമിലേക്കു തിരികെപ്പോരുമ്പോൾ ഇടയ്ക്ക് സി.ഫ്രാങ്കയുടെ ഒരു ചോദ്യം: "പിതാവിനെക്കുറിച്ച് എന്തുപറയുന്നു?" ചോദ്യം ഓർക്കാപ്പുറത്ത്. ഉത്തരവും അതുപോലെതന്നെ... "ജീവിക്കുന്ന വിശുദ്ധൻ, മുഖത്തെ പൂപ്പുഞ്ചിരിക്ക് വശീകരണഭാവം, വിശുദ്ധിയുടെ പ്രഭാപൂരിതമായ വദനവും സംസാരരീതിയും, ഇടയ്ക്കിടെയുള്ള തമാശകളും... പരിചയപ്പെടുന്നവർ ഒരിക്കലും മറക്കാത്ത ഒരു വ്യക്തിത്വം..." ഞാൻ ചുരുക്കിപ്പറഞ്ഞു.

ഒരാഴ്ച കഴിഞ്ഞപ്പോൾ റോമിലെ ഒരു ഹാളിൽ അദ്ദേഹം റോമാക്കാർക്കായി ഒരു സംഗമവേദിയൊരുക്കി. അമ്പതോളം പേർ അതിൽ സംബന്ധിച്ചു. വീണ്ടും രണ്ടാഴയ്ചയ്ക്കുശേഷം അതേ സ്ഥലത്തുവച്ച് അദ്ദേഹം വിപുലമായൊരു സമ്മേളനമൊരുക്കി. ഹാൾ നിറച്ച് ആളുകളുണ്ടായിരുന്നു. രണ്ടു പ്രാവശ്യവും തീവൊളിയിൽവച്ച് ബിഷപ്പുമായി സംസാരിച്ചതിന്റെ രത്നച്ചുരുക്കം അടുക്കും ചിട്ടയുമായി അവതരിപ്പിച്ചു. ഞാൻ പറഞ്ഞ കാര്യങ്ങളെല്ലാം പിതാവ് ഇറ്റാലിയൻ ഭാഷയിൽ പറയുമ്പോൾ സദസ്യർ എന്നെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു. അവസാനം പിതാവും സദസ്യരിലൊരാളും എന്നെ അനുമോദിച്ചു നന്ദിപറഞ്ഞു. പിതാവിന്റെയും റോമാക്കാരുടെയും ഓർമ്മയ്ക്കായി അവർ എനിക്കു നല്കിയ ഉപഹാരമായ 'സ്ലൈഡ് പ്രൊജക്റ്റ്' ഇന്നും ഒരു നിധിയായി ഞാൻ സൂക്ഷിക്കുന്നു. വെറും നിസ്സാരവൽക്കരിക്കപ്പെടേണ്ട ഒരു പാവം ഇൽഡഫോൺസിനെ ഇത്രമേൽ സ്നേഹിക്കാൻ പിതാവിനുണ്ടായ ചേതോവികാരം എന്തായിരുന്നു? അജ്ഞാതമാണ്! അധികവർഷങ്ങൾ കഴിയുന്നതിനുമുമ്പുതന്നെ, 'പരമാവധിസ്നേഹ'ത്തിന്റെ സന്ദേശം ലോകം മുഴുവനിലുമെത്തിക്കാൻ അദ്ദേഹം സ്ഥാപിച്ച 'മാക്സിമലിസം കുടുംബ'ത്തിന്റെ ഒരു ശാഖയായ 'സോഷ്യൽ ആനിമേറ്റേഴ്സ്' എന്ന സഭാത്മകസംഘടനയിലെ കേരളത്തിൽനിന്നുള്ള ആദ്യഅംഗങ്ങളിൽ ഒരാളാകാൻ അനുഗ്രഹം ലഭിച്ചതിൽ ഞാൻ അതീവ സന്തുഷ്ടനാണ്.

പിതാവു കേരളം സന്ദർശിച്ച എല്ലാ അവസരങ്ങളിലും എന്റെ ഭവനവും സന്ദർശിക്കുമായിരുന്നു. ഒരിക്കൽ അദ്ദേഹത്തിന്റെ ആഗ്രഹപ്രകാരം കേരളത്തിലെ ഭക്ഷണമാണ് തയ്യാറാക്കിയത്. ഉണ്ണുന്നതിനിടയിൽ സ്പൂണിൽനിന്നും മേശവിരിപ്പിൽ വീണ ഒരു പറ്റു ചോറ് അദ്ദേഹമെടുത്ത് പ്ലേറ്റിലാക്കി ഭക്ഷിച്ചു. ഒരു വലിയ പാഠമാണതു തരുന്നത്. എത്രയോപേർ ഒരു നേരത്തെ ആഹാരത്തിനു വലയുന്നു. എന്നാൽ ഉള്ളവർക്കു സുഭിക്ഷം. ആർക്കും പങ്കുവയ്ക്കാത്ത മനഃസ്ഥിതിയും വ്യവസ്ഥിതിയും. ഇതു മാറേണ്ടതല്ലേ...?

ഇന്ന് ദൈവദാസപദവിയിൽ സ്വർഗത്തിൽ വാഴുന്ന ജക്വീൻതാപിതാവിന്റെ മാധ്യസ്ഥ്യംവഴിയായി എനിക്കും എന്റെ കുടുംബാംഗങ്ങൾക്കും ലഭിച്ച അനുഗ്രഹങ്ങൾ നിരവധിയാണ്. നാമകരണത്തിന്റെ അടുത്ത പടിയായ ധന്യനും വാഴ്ത്തപ്പെട്ടവനും വിശുദ്ധനുമെന്ന പദവിയിലെത്താൻ തടസ്സം നില്ക്കുന്നത് അദ്ദേഹത്തിന്റെ നിരവധിയായ രചനകൾ തന്നെ. അദ്ദേഹത്തിന്റെ പ്രസിദ്ധീകരിക്കപ്പെട്ട പ്രാർത്ഥനകളുടെയും ലേഖനങ്ങളുടെയും കീർത്തനങ്ങളുടെയും പുസ്തകങ്ങളുടെയും ഉള്ളടക്കം വിശ്വാസത്തിന്റെയും വിശുദ്ധിയുടെയും സന്മാർഗതത്ത്വങ്ങളുടെയും അടിസ്ഥാനത്തിൽ അധികാരികൾ പരിശോധിച്ചു വിലയിരുത്തുന്ന പ്രക്രിയ നീണ്ടുപോകാം. എന്നാൽ അദ്ദേഹത്തെ വേഗംതന്നെ അൾത്താരയിൽ വണങ്ങാനുള്ള ഭാഗ്യത്തിനായി നമുക്ക് അകമഴിഞ്ഞു പ്രാർത്ഥിക്കാം

അല്ലയോ, പ്രവാചകശബ്ദമേ!
തവതൃപ്പാദയുഗ്മത്തിലെൻ പ്രണാമം.







# പ്രോസാങ്ങ്ടിറ്റി മൂവ്മെന്റ്




**സുജ ചോതിരക്കുന്നേൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

*"നിങ്ങൾ പരിശുദ്ധരായിരിക്കുവിൻ, എന്തെന്നാൽ നിങ്ങളുടെ ദൈവവും കർത്താവുമായ ഞാൻ പരിശുദ്ധനാണ്" (ലേവ്യ 19,2).*

ദൈവത്തിന്റെ പരിശുദ്ധിയിൽ പങ്കുചേരാൻ വിളിക്കപ്പെട്ടിരിക്കുന്ന ജനപദമാണ് ക്രൈസ്തവർ. വിശുദ്ധി അഥവാ സ്നേഹത്തിന്റെ പൂർണ്ണതയിലേക്കുള്ള ഈ വിളിയെ പ്രഘോഷിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും പ്രചരിപ്പിക്കുവാനുംവേണ്ടി രൂപംകൊണ്ട ഒരു അന്തർദേശീയ പ്രസ്ഥാനമാണ് പ്രോസാങ്ങ്ടിറ്റി മൂവ്മെന്റ് അഥവാ സ്നേഹവിപ്ലവപ്രസ്ഥാനം.

എന്റെ ജീവിതത്തിന്റെ അർത്ഥമെന്ത്...? മനുഷ്യമനസ്സിന്റെ അന്തരാളത്തിൽനിന്നും പൊന്തിവരുന്ന ഒരു വലിയ ചോദ്യചിഹ്നം. ഭൗതികനേട്ടങ്ങൾ എന്തൊക്കെ ലഭിച്ചാലും അതുകൊണ്ടൊന്നും തൃപ്തനാകാത്ത മനുഷ്യന്റെ ഉള്ളിന്റെ ഉള്ളിൽ ഒരു വിശപ്പും ദാഹവും എപ്പോഴും അവശേഷിക്കുന്നു. പലപ്പോഴും നിരാശയുടെയും പ്രശ്നങ്ങളുടെയും അടിത്തട്ടിലേക്ക് അവൻ വഴുതിമാറുന്നു. ജീവിതത്തിന്റെ അർത്ഥത്തെയും ലക്ഷ്യത്തെയും കുറിച്ച് അവൻ ചോദ്യങ്ങളുന്നയിക്കുന്നു. പണമോ പ്രതാപമോ മറ്റു സ്ഥാനമാനങ്ങളോ അല്ല ഒരാളെ സന്തോഷവാനാക്കുന്നത്. പ്രത്യുത, ജീവിതത്തിന്റെ ശരിയായ അർത്ഥം കണ്ടെത്തുമ്പോഴാണ്; ലക്ഷ്യബോധത്തോടെ ജീവിക്കുമ്പോഴാണ് ഒരാൾ സന്തോഷവാനാകുന്നത്.

മനുഷ്യൻ ദൈവത്തിന്റെ സ്നേഹത്തിൽനിന്നുമാണ് വന്നത്. അവിടുത്തെ സ്നേഹത്തിന്റെ പങ്കുവയ്ക്കലാണ് മനുഷ്യന്റെ അസ്തിത്വം. ആ അസ്തിത്വത്തിന്റെ പിന്നിൽ ഒരു പദ്ധതിയുണ്ട്. ദൈവത്തിന്റെ സ്നേഹത്തിന്റെ പദ്ധതി. ഈ പദ്ധതിയിൽ വിശ്വസിക്കുക. കടന്നുപോകാത്ത ദൈവത്തിൽ നിലയുറപ്പിക്കുന്ന സ്നേഹമേ ശാശ്വതമായിട്ടുള്ളു. അതിനാൽ ദൈവത്തെയും സമസൃഷ്ടങ്ങളെയും പരമാവധി സ്നേഹിക്കുക. ഇതാണ് ജീവിതസാക്ഷാത്കാരത്തിനുള്ള മാർഗ്ഗം. വിശുദ്ധിയും സാഹോദര്യവും ലക്ഷ്യംവച്ചിരിക്കുന്ന പ്രോസാങ്ങ്ടിറ്റി മൂവ്മെന്റ് ഇതിനു വെളിച്ചവും പ്രോത്സാഹനവും നല്കുന്നു.



### പ്രോസാങ്ടിറ്റി മൂവ്മെന്റിന്റെ ചരിത്രപശ്ചാത്തലം

ലോകജനത രണ്ടാം ലോകമഹായുദ്ധത്തിന്റെ കെടുതികളിൽ വീർപ്പുമുട്ടി കഴിഞ്ഞിരുന്ന ഒരു കാലഘട്ടം. യുദ്ധത്തിന്റെ പരിണതഫലങ്ങൾ, ബുദ്ധിമുട്ടുകൾ, വേദനകൾ, പട്ടിണി എന്നിവ കൊണ്ട് നട്ടംതിരിയുന്ന മനുഷ്യകുലം. അനീതിയും അക്രമവും കൊള്ളയും കൊള്ളിവയ്പും കൊടികുത്തി വാഴുന്ന ചുറ്റുപാടുകൾ. ദൈവത്തെയും ദൈവം സൃഷ്ടിച്ച സമസൃഷ്ടങ്ങളെയും സ്നേഹിക്കാത്ത മനുഷ്യൻ; ദൈവത്തെ ധിക്കരിച്ച് പൈശാചികശക്തിയുടെ അടിമയായി ദൈവസ്നേഹം നിർഗളിക്കുന്ന ദിവ്യ ഉറവയിൽനിന്ന് വഴിതെറ്റിയൊഴുകുന്ന അഴുക്കുചാലായി മാറുന്ന മനുഷ്യൻ... ദൈവത്തിൽനിന്നും അവിടുത്തെ വലിയ സ്നേഹത്തിൽനിന്നും ഓടിയകലുന്ന മനുഷ്യരെ ദൈവസ്നേഹത്തിങ്കലേക്ക് അടുപ്പിക്കുവാൻ ദൈവദാസൻ ബിഷപ് വില്യം ജക്വീൻതായുടെ അന്തരാത്മാവ് ദാഹിച്ചു. സ്വർഗീയപിതാവിന്റെ പൂർണ്ണതയായ വിശുദ്ധി ലക്ഷ്യമാക്കി ജീവിക്കുവാൻ വിളിക്കപ്പെട്ട മനുഷ്യന്റെ പ്രയാണത്തിന് അദ്ദേഹം ഒരു വഴികാട്ടിയായി. അങ്ങനെ അനന്തനന്മയായ ദൈവം മനുഷ്യരാശിയെ മുഴുവൻ സ്നേഹത്തിന്റെ പൂർണ്ണതയിലേക്ക് അഥവാ വിശുദ്ധിയിലേക്കു വിളിച്ചിരിക്കുന്നു എന്ന സത്യം ലോകംമുഴുവൻ പ്രചരിപ്പിക്കുന്നതിനായി ജക്വീൻതാപിതാവ് രൂപംകൊടുത്ത ഒരു അന്തർദ്ദേശീയ പ്രസ്ഥാനമാണ് പ്രോസാങ്ടിറ്റി മൂവ്മെന്റ്. 1947 മെയ് 1 നാണ് ഈ പ്രസ്ഥാനത്തിന് തുടക്കംകുറിച്ചത്.

'പ്രോസാങ്ടിതാത്തേ' എന്ന ലത്തീൻപദത്തിൽനിന്നുമാണ് പ്രോസാങ്ടിറ്റി അല്ലെങ്കിൽ 'വിശുദ്ധിക്കുവേണ്ടി' എന്ന പേരു സ്വീകരിച്ചിരിക്കുന്നത്. ഇന്ന് ലോകത്തെമ്പാടും ഒട്ടനവധി സംഘടനകളും പ്രസ്ഥാനങ്ങളും നിലവിലുണ്ട്. ഏതെങ്കിലുംതരത്തിൽ എല്ലാവരുംതന്നെ സ്നേഹപിതാവായ ദൈവത്തിന്റെ രക്ഷാകരപദ്ധതിയോടു സഹകരിച്ചു പ്രവർത്തിക്കുവാൻ ശ്രമിക്കുന്നു. എന്നാൽ പ്രശ്നങ്ങളുടെ തീച്ചൂളയിൽനിന്നും നീറിപ്പുകയുന്ന മനുഷ്യൻ ഇവയൊന്നുമറിയാതെ അവന്റെ പ്രശ്നത്തിനു പരിഹാരം കണ്ടെത്തുവാൻ വെമ്പൽകൊള്ളുകയാണ്. ലോകത്തിന്റെ നാനാവശങ്ങളിൽ നടമാടുന്ന അഴിമതിക്കോ അക്രമത്തിനോ മറ്റ് രാഷ്ട്രീയപ്രവർത്തനങ്ങൾക്കോ അവനെ സഹായിക്കാൻ സാധിക്കുമോ?

അവശ്യവസ്തുക്കളുടെ കുറവനുഭവപ്പെടുന്ന അവികസിത-വികസ്വരരാജ്യങ്ങൾ, സാമ്പത്തികഭദ്രത കൈവരിച്ചാൽ എല്ലാമായി എന്നു വിശ്വസിച്ചുവരികയാണ്. എന്നാൽ വികസിതരാജ്യങ്ങളിലെ ജനങ്ങളും പ്രശ്നങ്ങളുടെ കൂമ്പാരവുമായി അലയുകയാണ്. അങ്ങനെ വരുമ്പോൾ മനുഷ്യനെ സംബന്ധിച്ചിടത്തോളം അവന്റെ പരമമായ പ്രശ്നം സമ്പത്തോ ദാരിദ്ര്യമോ രോഗമോ സമാനാവസ്ഥകളോ അല്ല, പ്രത്യുത, ഹൃദയത്തിൽ സമാധാനം കണ്ടെത്തുക, എല്ലാറ്റിന്റെയും പരിഹാരമായ സൃഷ്ടികർത്താവിലേക്കു തിരിഞ്ഞുകൊണ്ട് വിശുദ്ധി പ്രാപിക്കുക എന്നതാണെന്നു സ്പഷ്ടമാണ്. ഈവക കാര്യങ്ങൾ മനസ്സിലാക്കിക്കൊണ്ടാണ് വിശുദ്ധിക്കുവേണ്ടി നിലകൊള്ളുന്ന പ്രോസാങ്ടിറ്റി മൂവ്മെന്റ് ആരംഭിച്ചത്. ഇന്ന് ഇത് അന്തർദ്ദേശീയപ്രസ്ഥാനമായി വളർന്നിരിക്കുന്നു.

പ്രോസാങ്ടിറ്റി മൂവ്മെന്റിന്റെ എല്ലാ പ്രവർത്തനങ്ങളും തിരുസ്സഭയുടെ പഠനങ്ങൾ അനുസരിച്ചും മാർപാപ്പയോടു യോജിച്ചും, അവിടുത്തേക്കു വിധേയരായി പ്രവർത്തിക്കുന്ന മെത്രാന്മാരുടെ നിർദ്ദേശങ്ങൾ പരിഗണിച്ചുമാണ് ആസൂത്രണം ചെയ്തിട്ടുള്ളത്.

### പ്രോസാങ്ടിറ്റി മൂവ്മെന്റിന്റെ ലക്ഷ്യം

അനന്തനന്മയായ ദൈവം മനുഷ്യരാശിയെ മുഴുവൻ വിശുദ്ധിയിലേക്കു വിളിച്ചിരിക്കുന്നു എന്ന സന്ദേശം പ്രചരിപ്പിക്കുകയും, വ്യവസ്ഥാപിതവും നിയതവുമായ ആദ്ധ്യാത്മിക ഉപാധികൾ നിർദേശിച്ചുകൊണ്ട് ഈ സാർവത്രിക ആഹ്വാനത്തെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുകയും വിശുദ്ധി പ്രാപിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സുഗമമാക്കിത്തീർക്കുകയുമാണ് ഈ അന്തർദ്ദേശീയ പ്രസ്ഥാനത്തിന്റെ ലക്ഷ്യം.

### ആരാണ് ഈ പ്രസ്ഥാനത്തിലെ അംഗങ്ങൾ

വിശുദ്ധിയുടെ സന്ദേശം ശ്രവിച്ച്, അതംഗീകരിച്ച്, അതിനനുസൃതമായി ജീവിക്കുവാൻ പരിശ്രമിക്കുകയും പ്രോസാങ്ടിറ്റി മൂവ്മെന്റുമായി സഹകരിച്ച് അതു പ്രചരിപ്പിക്കുകയും ചെയ്യുന്ന





കത്തോലിക്കാസഭയിലെ അത്മായരാണ് ഈ മൂവ്മെന്റിലെ അംഗങ്ങൾ. ഇവർ വ്യക്തിതലത്തിൽ പരിപൂർണ്ണതയ്ക്കായി പരിശ്രമിക്കുന്നു. മറ്റുള്ളവരുടെ വിശുദ്ധീകരണത്തിനായി പ്രാർത്ഥിക്കുകയും പ്രായശ്ചിത്തകൃത്യങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നു. പ്രസ്ഥാനത്തിന്റെ പ്രേഷിതവൃത്തിയെ സഹായിക്കുവാൻ സാധിക്കുമ്പോഴൊക്കെ അവരുടെ സമയം ചെലവഴിക്കുന്നു.

ലോകയാഥാർത്ഥ്യങ്ങളുടെ ചുരുൾ നിവർക്കുന്ന അനുദിന സമ്പർക്കമാധ്യമങ്ങൾ പരിശോധിച്ചാൽ ഇന്നും പ്രോസാങ്ടിറ്റി മൂവ്മെന്റിന്റെ പ്രസക്തി വളരെ വ്യക്തമായി കാണാം. സ്വന്തം സ്വാർത്ഥ താല്പര്യങ്ങൾക്കും സ്ഥാനമാനങ്ങൾക്കുമായി എന്തും ചെയ്യാൻ മടിക്കാത്ത ഒരു ലോകത്തിലാണ് ഇന്നു നാം ജീവിക്കുക. മതത്തിനോ വിശ്വാസത്തിനോ യാതൊരു പ്രാധാന്യവും കൊടുക്കാതെ ദൈവത്തെ തിരസ്കരിക്കുന്നവരും ലക്ഷ്യബോധമില്ലാത്തവരുമായ ഒരു കൂട്ടർ... വിദ്വേഷവും വെറുപ്പും പകയും നിറഞ്ഞുതുളുമ്പി പ്രതികാരദാഹികളായി കാത്തുനില്ക്കുന്ന ഒരു പറ്റം മനുഷ്യർ... മദ്യത്തിനും മയക്കുമരുന്നിനും അടിമകളായിരിക്കുന്ന യുവജനങ്ങൾ... അനീതിയും അക്രമവും കൊലയും കൊള്ളിവയ്പുംകൊണ്ട് അടിച്ചമർത്തപ്പെട്ട മറ്റൊരു സമൂഹം... ഇവയെല്ലാം ഒരു വശത്തുകാണുമ്പോൾ മറുവശത്ത് നന്മയ്ക്കും ദൈവത്തിന്റെ പ്രകാശത്തിനുംവേണ്ടി കാത്തിരിക്കുന്ന സമാധാനകാംക്ഷികൾ... ഇപ്രകാരമുള്ള സമൂഹത്തിൽ സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ദീപശിഖയേന്തി നില്ക്കുന്ന പ്രോസാങ്ടിറ്റി മൂവ്മെന്റ് ഒരു വെല്ലുവിളിയായി, 'എല്ലാവരും വിശുദ്ധർ; എല്ലാവരും സഹോദരർ' എന്ന സന്ദേശവുമായി, മനുഷ്യഹൃദയങ്ങളിലേക്കു കടന്നുചെല്ലുന്നു.

## വിശുദ്ധിയിലേക്ക്



**ഫിലോ കുറ്റിയാത്ത്**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

വിശുദ്ധി വിളിച്ചോതും ജക്വീൻതാതാതാ നീ
വിളിച്ചവനോടേറെ പുലർത്തി വിശ്വസ്തത
വിശുദ്ധിയിൽ നിൻ ജീവിതം സമർപ്പിച്ചു
വിശുദ്ധി നേടാനായ് 'മാക്സിമം' സ്നേഹിച്ചു
　　വിളിയിലെ ഉൾവിളി ഉള്ളിൽ ശ്രവിച്ചു നീ
　　വിശുദ്ധരാകാൻ വിളിക്കപ്പെട്ടേവരും
　　വിശുദ്ധിയിലേക്കു നയിക്കാൻ സകലരേയും
　　വിളി സ്വീകരിച്ചൊരുക്കി നീ ജക്വീൻതാ
വിശുദ്ധമായി ഈ ലോകത്തെ മാറ്റീടുവാൻ
വിശുദ്ധരെ ഈ ഭുവനേ മെനഞ്ഞീടാൻ
വിശുദ്ധി 'മാക്സിമലിസ'മതാണെന്നത്
വിളിച്ചോതിയ താതൻ വില്യം ജക്വീൻതാ
　　വിളിച്ചവനിൽനിന്നും ലഭിച്ചതാം കാരിസം
　　വിളികേട്ടണഞ്ഞീടും മക്കളെല്ലാരോടും
　　വിളിച്ചറിയിച്ചങ്ങ് പ്രേഷിതരാക്കിയ
　　വില്യം ജക്വീൻതാ നമിക്കുന്നു ഞങ്ങൾ
വിശുദ്ധി ധ്യാനിച്ചു പ്രാർത്ഥിച്ചു ജീവിച്ച്
വിശുദ്ധീകൃതരായ് മുന്നേറിടുവാൻ
വിശ്വം മുഴുവൻ വിശുദ്ധി പരത്തീടാൻ
വിളികേട്ടഞ്ഞതാം അപ്പസ്തോലിക് ഒബ്ലേറ്റ്സ്
　　വിശുദ്ധി എന്നാലത് 'മാക്സിമലിസ'മതായ്
　　വിളിച്ചറിയിക്കാൻ നിയോഗിക്കപ്പെട്ടവരേ
　　വിശുദ്ധിതൻ മുഖം സ്നേഹത്തിൻ മുഖമെന്ന്
　　വിശ്വസ്തതയോടെ ഉറക്കെ ഉദ്ഘോഷിക്കാം
വിശുദ്ധർതൻ മാതൃക കൈവരിക്കാം
വിശുദ്ധരായ് മാറിടാം സോദരരേ
വിശുദ്ധി പ്രഘോഷിച്ചു വിശുദ്ധരാകാം
വിളിച്ചവനു മഹത്ത്വമേകി ജീവിച്ചിടാം





# ജന്മശതാബ്ദിയാഘോഷങ്ങളിലൂടെ...



**കൊച്ചുറാണി മങ്ങാട്ട്**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

ദൈവത്തിന്റെ അനന്തമായ സ്നേഹത്തിന്റെയും പരിശുദ്ധിയുടെയും മുമ്പിൽ ജീവിതംകൊണ്ടു മറുപടി പറഞ്ഞ ദൈവദാസൻ ബിഷപ് വില്യം ജകചീൻതായുടെ ജന്മദിനം... 1914 ജൂൺ 25. ജീവിതവഴികളിൽ പുണ്യം വിരിയിച്ച ഈ സ്നേഹ പ്രവാചകൻ 100-ാം വയസ്സിലെത്തി നില്ക്കുമ്പോൾ സഭയ്ക്കും സമൂഹത്തിനും ഇത് ജന്മശതാബ്ദിയാഘോഷം.

പരമാവധി സ്നേഹകുടുംബത്തിന്റെ സ്ഥാപകനായ ദൈവദാസൻ ബിഷപ് വില്യം ജകചീൻതായുടെ ജന്മശതാബ്ദിയാഘോഷങ്ങളുടെ ഔപചാരിക ഉദ്ഘാടനം അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ മെത്രാപ്പോലീത്താ നിർവഹിച്ചു. പ്രസ്തുത ആഘോഷങ്ങളുടെ ഭാഗമായി അപ്പസ്തോലിക് ഒബ്ലേറ്റ്സ് സമർപ്പിതസമൂഹം ആത്മീയനവീകരണപദ്ധതികളും വിവിധ കർമ്മപരിപാടികളും ആവിഷ്കരിച്ചു നടപ്പാക്കി.

കാരിസം ലക്ഷ്യംവയ്ക്കുന്നതുപോലെ, 'എല്ലാവരും വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു' എന്ന വലിയ സന്ദേശം സാധ്യമായ എല്ലാ മക്കളിലും എത്തിക്കുവാനായി അപ്പസ്തോലിക് ഒബ്ലേറ്റ്സ്, തങ്ങളായിരിക്കുന്ന മാങ്ങാനം സ്പിരിച്ച്വാലിറ്റി സെന്ററിലും, കൂരോപ്പട, എലിക്കുളം, പൈസക്കരി, പൊടിമറ്റം, നെരൂൾ, ദാപൊഡി എന്നീ ഇടവകകളിലുംവച്ച് വിവിധ പരിപാടികൾ നടത്തി. വിശുദ്ധരുടെ ജീവിതത്തിലൂടെ, വിശുദ്ധരാകാനുള്ള വിളിയുടെ വിത്തുകൾ കുഞ്ഞുഹൃദയത്തിൽ വിതയ്ക്കുവാൻ ആദ്യകുർബാന സ്വീകരിച്ച കുരുന്നുകൾക്കും 15 വയസ്സുവരെയുള്ള കുട്ടികൾക്കും 'എയ്ഞ്ചൽസ് മീറ്റ്', 'സാങ്ടിറ്റി മീറ്റ്', 'ഹെകംസാ' എന്നീ പേരുകളിൽ നിറപ്പകിട്ടാർന്ന പരിപാടികൾ സംഘടിപ്പിച്ചു. യുവജനങ്ങളാണ് വിശുദ്ധിയുടെ വാഹകർ എന്നോർമ്മപ്പെടുത്തിക്കൊണ്ട് 'യൂത്ത് മീറ്റ്' നടത്തി. കുടുംബം നന്നായാൽ സമൂഹം നന്നാകും. കുടുംബം വിശുദ്ധീകരിക്കുക എന്ന ലക്ഷ്യത്തോടെ യുവദമ്പതികൾക്കായി 'അഗാപ്പെ' എന്ന പേരിൽ കപ്പിൾസ് മീറ്റും, അമ്മമാർക്കായി പ്രത്യേക പരിപാടികളും മതാദ്ധ്യാപകർക്കും മാതാപിതാക്കൾക്കും ക്ലാസ്സുകളും ആരാധനയും നടത്തുകയുണ്ടായി. 'ഓരോ കുടുംബവും ഒരു മണിക്കൂർ ദിവ്യകാരുണ്യസന്നിധിയിൽ' എന്ന ഉദ്ദേശ്യത്തോടെ ഇടവകയിലെ എല്ലാ കുടുംബങ്ങൾക്കുംവേണ്ടി ഒബ്ലേറ്റ്സിന്റെ ഭവനമായ ബഥനി സജ്ജമായിരുന്നു. കൗൺസിലിംഗും തുടർന്നുള്ള ദിവ്യകാരുണ്യാരാധനയും നവമായ അനുഭവങ്ങൾ അവർക്കു നല്കി.

ജന്മശതാബ്ദിയോടനുബന്ധിച്ചു നടത്തിയ 'സെന്റ്സ് ക്വിസ്' മത്സരവും അവാർഡുദാനവും 'സെന്റ്സ് സ്റ്റോളും' ഈ തിരുനാളിന്റെ മോടികൂട്ടി. അഗതി-അനാഥമന്ദിരങ്ങളും വൃദ്ധസദനങ്ങളും വൈദികമന്ദിരങ്ങളും സന്ദർശിച്ചത് വ്യത്യസ്ത ദൈവാനുഭവമായിരുന്നു. പ്രതീക്ഷയുള്ള മക്കളാകാൻ ചിന്തകൾ നല്കിക്കൊണ്ട് അവരോടൊപ്പം കളിചിരികളിൽ പങ്കുചേർന്നത് അവിസ്മരണീയനിമിഷങ്ങളായിരുന്നു. ഒപ്പം ദൈവത്തിനു നന്ദിപറയാനുള്ള സമയവും.

ജന്മശതാബ്ദി ഉദ്ഘാടനത്തോടനുബന്ധിച്ചു തന്നെ അപ്പസ്തോലിക് ഒബ്ലേറ്റ്സിന്റെ വെബ്സൈറ്റും തുറന്നു. ദൈവദാസൻ വില്യം ജകചീൻതാപിതാവിന്റെ ചരിത്രാവിഷ്കരണമായി 'നക്ഷത്രവെളിച്ചം' എന്ന പേരിൽ ഒരു ഡോക്യുമെന്ററി പുറത്തിറക്കി. ജന്മശതാബ്ദിസ്മാരകമായി ഭക്തിഗാനസമാഹാരമായ 'ഹോളിനെസ്' എന്ന ഓഡിയോ സിഡിയും ജകചീൻതാപിതാവിന്റെ ചരിത്രവും ജീവിതചിന്തകളും ഉൾക്കൊള്ളിച്ച 'വിശുദ്ധിയുടെ പ്രവാചകൻ' എന്ന പുസ്തകവും, പിതാവിന്റെ ചിന്തകളടങ്ങിയ 'വില്യം ജകചീൻതാ സൂക്ത'ങ്ങളും പ്രകാശനംചെയ്തു.

2014 ജൂൺ 14 ന് ജന്മശതാബ്ദിയാഘോഷങ്ങൾക്ക് തിരശ്ശീല വീഴുകയാണ്. അഭിവന്ദ്യ ബിഷപ് മാർ ജോർജ് മഠത്തിക്കണ്ടം അർപ്പിക്കുന്ന പരി. കുർബാനയോടുകൂടി സമാപനദിവസത്തിന് ആരംഭംകുറിക്കും. അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്താ ഉദ്ഘാടനം നിർവഹിക്കുന്ന സമാപനസമ്മേളനം, അഭിവന്ദ്യ മാർ മാത്യു മൂലക്കാട്ട് പിതാവിന്റെയും അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽപിതാവിന്റെയും ബഹു. കേരളാമുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയുടെയും മറ്റു വിശിഷ്ടാതിഥികളുടെയും സാന്നിദ്ധ്യത്താൽ സമ്പന്നമാകും. ദൈവദാസൻ ബിഷപ് വില്യം ജകചീൻതാ... ഭൗകിതകയുടെ ലോകത്തിൽ ആ കർമ്മയോഗിയുടെ വേറിട്ടൊരു ശബ്ദം ഇന്നും എന്നും എവിടെയും മുഴങ്ങുകയാണ്. ഈ യുഗപുരുഷന്റെ ചിന്തകളും ജീവിതചിത്രങ്ങളും സാധ്യമായ എല്ലാവരിലും എത്തിക്കുവാൻ ജന്മശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി അപ്പസ്തോലിക് ഒബ്ലേറ്റ്സ് സമർപ്പിതസമൂഹത്തിന് കഴിഞ്ഞിട്ടുണ്ട് എന്നെടുത്തു പറയാവുന്നതാണ്.പിതാവിന്റെ മുമ്പിൽ നമുക്കും മാദ്ധ്യസ്ഥ്യം യാചിക്കാം.



## ശതാബ്ദിഗാനം

പരിശുദ്ധൻ ആ... ആ... ആ...
ദൈവവും കർത്താവുമായവൻ ആ... ആ... പരിശുദ്ധൻ
നിങ്ങൾതൻ ദൈവം പരിശുദ്ധനെന്നപോൽ
സംശുദ്ധരാകണം നിങ്ങളെന്നും (2)
ആ...ആ... ആ... ആ...
എത്ര മനോഹരം പ്രപഞ്ചശില്പിതൻ
കരവിരുതെത്രയോ വിസ്മയം
പേരുചൊല്ലി വിളിക്കുമവൻ നമ്മെ
മെനഞ്ഞിടും തൻതിരുഹിതമതുപോൽ
പരമാവധിതൻ സുകൃതനിയോഗമായ്
നല്കീ ദൈവം ജകചീന്തയെ
സ്നേഹം വിശുദ്ധിതാൻ എന്നേവം ചൊല്ലിയ
മഹാനുഭവേ വന്ദനം (2)
ലാലലലലല... ലാലലാലലല...
ശതവർഷങ്ങൾക്കപ്പുറമൊരുനാൾ
വിളിച്ചു ദൈവം വില്യമിനെ
വിശുദ്ധിതൻ പ്രവാചകനായി
സഭയുടെ ഓമൽസുതനായി
പുതിയൊരു പുലരിതൻ പ്രഭയായി
പാരിലുയർന്നൊരു തേജസ്സേ
ലോകക്കടലിൽ സ്നേഹത്തിൻ തിരി-
നാളമുയർത്തിയ മയൂഖമേ
സാ/നിസനിപഗ/ ഗരിനിസരി
പനിസരിരി/ പനിസഗഗ
പനിസഗരിസനിസ
ജന്മഗൃഹംപോൽ ഭാരതമണ്ണും
നെഞ്ചോടു ചേർത്തൊരു വന്ദ്യഗുരോ
വിശുദ്ധിയെന്നാൽ സ്നേഹിക്കയന്യനെ
തന്നോടുള്ളത്രയും സ്നേഹമോടെ
ഒപ്പിയെടുക്കണം കണ്ടറിഞ്ഞീടണം
നിങ്ങളീ ലോകത്തിൻ ദൈന്യതയെ
പാവനസ്നേഹത്തിൽ സോദരരാകണം
താതാ നിൻ ജീവിതസ്വപ്നമിത്
കറയറ്റ ദിവ്യമാം സ്നേഹത്തിന്നാഴങ്ങൾ
തേടുന്നവർ നിങ്ങൾ എങ്കിലെന്നും
വിശുദ്ധിതൻ കുറുക്കുവഴികളിലൂടെ
ദൈവരാജ്യം പണിയാം ഭൂവിതിൽ
ജന്മശതാബ്ദിയും സ്വർഗ്ഗപ്രവേശവും
ഓർക്കുമീ ധന്യമാം വേളയിതിൽ
സ്ഥാപകതാതാ നിൻ പുണ്യസ്മരണയിൽ
അഞ്ജലി കൂപ്പി നമിച്ചിടുന്നു
അനുഗ്രഹദായക സർവ്വേശ്വരാ നിൻ
കൃപകളെ നന്ദിയോടേറ്റു ചൊല്ലാം
സീമാതീതമാം നിൻ ദിവ്യസ്നേഹം
നിതരാമിളയിൽ നിറഞ്ഞീടട്ടെ
വിശുദ്ധിയും സോദരസ്നേഹവുമണിയും
ഒരു നവലോകത്തിൻ പ്രഭ കാണുവാൻ
കൃപയരുളേണമേ സർവ്വാധിശായിയാം
ചിന്മയരൂപാ ദൈവമേ (2)






# പ്രതീക്ഷയുടെ പൂമൊട്ടുകൾ

WILLIAM GIAQUINTA
BIRTH CENTENARY 1914 - 2014

"നാളെയെക്കുറിച്ച് സ്വപ്നം കാണാൻ കഴിവുള്ളവരാകുക. അതായത് നമുക്ക് അസാധ്യമെന്നും ബുദ്ധിമുട്ടുള്ളതെന്നും തോന്നുന്ന പദ്ധതികളെക്കുറിച്ച് നിരാശരാകാതെ, ഇന്നു നാം എന്തിനുവേണ്ടി പ്രവർത്തിക്കുന്നുവോ എന്തിനുവേണ്ടി സഹിക്കുന്നുവോ അത് നാളെ യാഥാർത്ഥ്യമായിത്തീരും എന്ന് ഉറച്ചുവിശ്വസിക്കുക. എപ്പോഴും സമർപ്പണബോധത്തോടെ നമുക്കു യാത്ര തുടരാം. നാം ദൈവത്തിന്റെ സന്ദേശവാഹകരും പ്രവാചകരുമായിരിക്കണം. വാക്കുകൊണ്ടല്ല, മറിച്ച്, ജീവിതം കൊണ്ടുതന്നെ". (ദൈവദാസൻ ബിഷപ് വില്യം ജകിൻതാ)

For private circulation only
പ്രോസാങ്ങ്ടിറ്റി പബ്ലിക്കേഷൻസ്